
www.malankaralibrary.com

# MALANKARA CATHOLIC ASSOCIATION-(MCA)

Syro Malankara Catholic Church, Diocese of St. John Chrysostom, Gurgaon
Mar Ivanios Bhawan, J1/61-62, Paryavaran Complex, IGNOU Road, Neb Sarai, New Delhi 110068
Tel: 011- 2536525, Email- mcagurgaondiocese@gmail.com


Vol:4; Edition-31/2021 dated 6.10.2021
(For private circulation only)

## COMMEMORATIVE BULLETIN-SEP.21



***"Well done, good and faithful servant. You have been faithful over a little; I will put you in charge of many things. Enter into the joy of your Master"*** *(Matthew-25.21)*

www.malankaralibrary.com






*...And we know that for those who love God all things work together for good, for those who are called according to his purpose.*

## 5th Oct,2021- Commemoration of 40th Day-

## St. Mary's Cathedral, Neb Sarai, Delhi

**Memorial services led by His Beatitude Moran Mor Baselios Cardinal Cleemis Catholicos , HE Most Rev Thomas Mar Anthonios Bishop of Pune-Khadki, Rt Rev Varghese Vinayanand OIC, A[postolic Administrator, Gurgaon Diocese on 5th Oct,21 at Neb Sarai Cathedral followed by meeting attended amongst others by His Grace Anil Joseph Thomas Couto, Archbishop, Delhi Diocese, HE Mar Kuriakose Bharanikulangara, Syro-Malabar Catholic Eparchy of Faridabad, His Grace Dr. Youhanon Mar Demetrios, Malankara Orthodox Church, Delhi Diocese, Swami Sayoojyanath Janan Thapaswi, Santhigiri Ashram, Saket, Delhi etc**






ST:THOMAS MEDIA

www.malankaralibrary.com





www.malankaralibrary.com







**Rt. Rev. Vinayanand OIC, Apostolic Administrator welcomes the gathering**



**His Grace Anil Joseph Thomas Couto, Archbishop, Delhi Diocese**



**HE Mar Kuriakose Bharanikulangara, Syro-Malabar Catholic Eparchy of Faridabad**

www.malankaralibrary.com



His Grace Dr. Youhanon Mar Demetrios, Malankara Orthodox Church, Delhi Diocese



Swami Sayoojyanath Janan Thapaswi, Santhigiri Ashram, Saket, Delhi



His Beatitude Baselius Cardinal Cleemis addressing the gathering



**“Gurusmriti”- Book on HE Jacob Mar Barnabas released by handing over copy to His Grace Anil Joseph Thomas Couto, Archbishop**

www.malankaralibrary.com




**Fund inauguration for Mar Barnabas Memorial Library by handing over cheque to Rev. Fr. Saby Varghese**



**Release of Souvenir of MCYM as a tribute to Mar Barnabas by handing over copy to HE Mar Kuriakose Bharanikulangara**



**Thanks giving by Mr NC Philip, Pastoral Council Secretary**

www.malankaralibrary.com



**Apostolic Blessing …**



**Unity is Strength…**



www.malankaralibrary.com




## NOSTALGIC MEMORIES…

## <u>തെരുവിന്റെ നാഥനായ മെത്രാൻ</u> !



അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിന് എത്തുകയെന്നത് ഏതൊരു ദൈവഭക്തന്റെയും വിളിയാണ്. ആ ശുശ്രൂഷയ്ക്കിടയിൽ കളങ്കമേൽക്കാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കാൻ കഴിയുകയും വേണം. ചാക്കോ എന്ന ആദ്യനാമത്തിൽ നിന്നു മലങ്കര സഭയിൽ 22 സംസ്ഥാനങ്ങളുടെ ചുമതല വഹിക്കുന്ന വലിയ ഇടയനായപ്പോഴും ബർണബാസ് തിരുമേനിക്ക് അതു സാധിച്ചു. കളങ്കമേൽക്കാതെ, ദൈവത്തിനു പ്രിയപ്പെട്ട അനാഥരുടെയും വിധവകളുടെയും പാവപ്പെട്ടവരുടെയും മെത്രനായി അദ്ദേഹം. അവഗണിക്കപ്പെട്ടവരും അശരണരുമായിരുന്നു അദ്ദേഹത്തിന് എല്ലാം.

മനുഷ്യന്റെ അന്തസ്സ് പരിഗണിച്ചു കൊണ്ടുള്ള സാഹോദര്യമെന്ന മൂല്യത്തെക്കുറിച്ചു ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നുണ്ട്. ഒരു വ്യക്തിക്ക് എന്തുണ്ടെന്നോ അയാൾ ആരാണെന്നോ നോക്കാതെ ഏറ്റവും ചെറിയവരിലും എളിയവരിലും ഒരേ അന്തസ്സ് കണ്ടുകൊണ്ട് അവരെ തന്നോടു ചേർത്തു നിർത്തിയ, അവരെ സ്വന്തമാക്കിയ അവരുടെ സ്വന്തമായി മാറിയ ബിഷപ്പാണ് അദ്ദേഹം. ആതുര സേവനത്തിന്റെ ആൾരൂപമായി തന്നെ ഞാനദ്ദേഹത്തെ കാണുന്നു, 'തെരുവിന്റെ മെത്രാൻ' എന്നു വിളിക്കുന്നു.

കോവിഡ് പ്രതിസന്ധി തീർത്ത 6 മാസ കാലത്തെ സാമൂഹിക അടുക്കള ഒരുദാഹരണമാണ്. സ്വന്തം കയ്യിലോ രൂപതയിലോ ധാരാളം പണമുണ്ടായിട്ടായിരുന്നില്ല അത്. അടുത്തദിവസം എന്തു ചെയ്യുമെന്നു വിഷമിച്ച ഘട്ടം പലപ്പോഴുമുണ്ടായി. എന്നാൽ, ദൈവത്തിന്റെ പരിപാലനയിൽ അദ്ദേഹത്തിനു വലിയ വിശ്വാസമുണ്ടായിരുന്നു. പാവങ്ങളെ ദൈവം ഉപേക്ഷിക്കില്ലെന്നും അവർക്കുള്ള ഭക്ഷണം ദൈവം തരുമെന്ന അദ്ദേഹത്തിന്റെ വിശ്വാസം കൊണ്ടുകൂടിയാണു സാമൂഹിക അടുക്കള 6 മാസം നീണ്ടുനിന്നത്. ആ അടുക്കളയിൽ സാധാരണക്കാരനെ പോലെ അദ്ദേഹം ജോലി ചെയ്തു. ഭക്ഷണം തയാറാക്കി തെരുവുകളിലേക്കു പോയി. ആർക്കെങ്കിലും ഭക്ഷണം തികയാതെ വന്നുപോയാൽ മനസ്സിൽ നീറ്റലും സങ്കടവുമായി മടങ്ങിയ മെത്രാൻ. ആ ദിവസങ്ങളിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കൊപ്പം നിൽക്കാൻ വ്യക്തിപരമായി കഴിഞ്ഞു.

ധാർമിക ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ ആളാണ് ജേക്കബ് മാർ ബർണബാസ്. എല്ലാ മനുഷ്യരും ദൈവ സൃഷ്ടിയാണെന്നും അവർക്കെല്ലാം ഒരേ അന്തസ്സാണുള്ളതെന്നും ദൈവശാസ്ത്രം പറയും. അതിൽ അന്തസ്സു കുറഞ്ഞവരെന്നു സമൂഹം വിധിയെഴുതിയവരുടെ അന്തസ്സു കാക്കുകയാണ് തന്റെ വിളിയെന്നു ഡോക്ടറേറ്റിലൂടെയല്ലാതെ, ജീവിതം കൊണ്ട് അദ്ദേഹം തിരിച്ചറിഞ്ഞു. അദ്ദേഹത്തെപോലൊരു മനുഷ്യസ്നേഹിയെ അപൂർവമായെ കണ്ടിട്ടുള്ളു.

സൂര്യകാന്തി പുഷ്പമെന്നും സൂര്യനെ നോക്കുന്ന പോലെ എന്നൊരു പാട്ടുണ്ട്. യേശുദാസ് പാടിയത്. അതിലെ തുടർന്നുള്ള വരികൾ ഇങ്ങനെയാണ്.

**'സാധുവായ മർത്യനിൽ ഞാൻ നിന്റെ രൂപം കണ്ടിടുന്നു**
**സേവനം ഞാൻ അവനു ചെയ്താൽ, പ്രീതനാകും നീ,**
**കരുണയോടെ അവനെ നോക്കും, നയനമെത്ര ശോഭനം,**
**അവനു താങ്ങും തണലുമായ കൈകളെത്ര പാവനം'**

ബർണബാസ് തിരുമേനിയുടെ നയനങ്ങൾ ശോഭനമായിരുന്നു. അദ്ദേഹത്തിന്റെ കൈകൾ പാവനമായിരുന്നു. കാരണം, ആ കൈകൾ താങ്ങിയതു പാവപ്പെട്ടവരെയാണ്. ആ മേനി പാവപ്പെട്ടവർക്കു തണലായതാണ്. അദ്ദേഹത്തിന്റെ കണ്ണുകൾ ശോഭിച്ചു. കാരണം ആ കണ്ണുകളിലൂടെ അദ്ദേഹം പാവപ്പെട്ടവരുടെ മുഖം ദർശിച്ചു. ദൈവസേവ പൂർത്തികരിക്കാൻ അദ്ദേഹം മനുഷ്യരെ സേവിച്ചു.

ദൈവസ്നേഹവും മനുഷ്യസ്നേഹവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. ഒരു വശം മാത്രമാക്കി, തന്റെ പ്രാർഥനാജീവിതമോ ആത്മീയജീവിതമോ അദ്ദേഹം ഒതുക്കി നിർത്തിയില്ല. ദൈവസ്നേഹത്തിന്റെ തുടർച്ചയാണ് അദ്ദേഹത്തിനു മനുഷ്യസ്നേഹം.

www.malankaralibrary.com

സ്നേഹിക്കുകയെന്നാൽ അവന്റെ നന്മ ആഗ്രഹിക്കുകയെന്നാണ്. അതാണ് അദ്ദേഹം തന്റെ ശുശ്രൂഷകളിലൂടെ കാണിച്ചുകൊടുത്തത്. ക്രൈസ്തവ വിഭാഗങ്ങൾക്കിടയിലും വിവിധ മതങ്ങൾക്കിടയിലും സൗഹാർദാന്തരീക്ഷം നിലനിർത്താനും അദ്ദേഹം മുന്നിൽ നിന്നു.

ലാളിത്യം, വിനയം, ആതിഥ്യമര്യാദ, തീവ്രവും തീക്ഷ്ണവുമായ അനുകമ്പ തുടങ്ങി അടുത്തറിയുന്നവർക്ക് ആ സ്വഭാവത്തിലെ സവിശേഷതകൾ അറിയാം. മിതഭാഷിയായി, കൂടുതൽ പ്രവർത്തിക്കാൻ അദ്ദേഹത്തിനായി. മറ്റുള്ളവരെ ശ്രദ്ധയോടെ കേൾക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. ആർക്കും സമീപിക്കാൻ കഴിയുന്ന ആളായി. പലരീതിയിൽ അദ്ദേഹത്തെ പലരും പിന്തിരിപ്പിക്കാൻ ശ്രമിച്ചപ്പോഴും പതിതർക്കും പാവപ്പെട്ടവർക്കും വേണ്ടിയുള്ള ശുശ്രൂഷകളിൽ തന്റെ ബോധ്യം അനുസരിച്ചു മുന്നോട്ടുപോയ ധൈര്യശാലി കൂടിയായിരുന്നു അദ്ദേഹം. തന്റെ ഇടപെടലുകൾ ദൈവത്തെ കണ്ടുകൊണ്ടാണെന്ന് ഉത്തമ ബോധ്യമുള്ളയാൾക്ക് പിന്നീട് പേടിക്കേണ്ട കാര്യമില്ലല്ലോ? അദ്ദേഹം ഭയരഹിതനായിരുന്നു. ഒരിക്കൽ കണ്ടു സംവദിച്ചവരെല്ലാം അദ്ദേഹത്തിന്റെ ശിഷ്യരായി മാറാൻ തക്കവണ്ണമുള്ള കാന്തിക ശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. മുന്നിലെത്തിയവർക്കെല്ലാം അദ്ദേഹം ഗുരുവായിരുന്നു.

കാപട്യങ്ങളില്ലാത്ത, പലമുഖങ്ങളില്ലാത്ത, അകവും പുറവും ഒരുപോലെയുള്ള, ഭക്തിയും വിശുദ്ധിയും സ്വഭാവശുദ്ധിയും ഒരുപോലെയുള്ള ഒരു പച്ച മനുഷ്യൻ.



**K. G. Pappachen & Marykutty Pappachen, Jalandhar**

## Bid Adieu - Most Rev. Bishop Dr. Jacob Mar Barnabas

*"But your dead will live, Lord; their bodies will rise—let those who dwell in the dust wake up and shout for joy !—your dew is like the dew of the morning, the earth will give birth to her dead." [Isaiah 26:19]*

Some relations are stronger than blood relations and that was our bond with Most Rev. Bishop Barnabas. This bond took its stronger form when Bishop was installed as the Gurgaon Diocese Bishop. I personally feel that more than a Bishop he was a younger brother to me who was always

approachable. He was there with us in all our happy as well as difficult moments. On his every visit to Punjab, he was very particular to visit us - and would spend his precious time with us.

He mentioned our home as '***Malankara Bhawan***' to everyone he met. He would suggest every priest or nun whoever visited Punjab to meet us. His home-coming was like one of our family member's visit, filling the home with joy, happiness and a prayerful atmosphere. His heavenly talk can never be forgotten. He would always ensure to visit us when our children were here for vacation. We are so blessed to have celebrated our beloved Pithav's $60^{th}$ Birthday - (the last on earth) at our home.

During his last visit to Punjab, he told us that he wished to meet us but due to the COVID protocols he didn't want to stay at home; and hence informed us that he will just pass by our home and see us from far. We went for his last Holy Qurbana in the Seminary church-Jalandhar and met him. Recollecting a few ever-memorable visits- His Excellency's stay with us along with his three devoted sisters (nuns); and his visit with his friends from Germany, Switzerland, Italy, etc. He didn't think twice to come and spend time with us just like he did with his parents.

Bishop Jacob Mar Barnabas was a noble soul with love and concern for everyone he met, irrespective of any discrimination of caste, creed or religion. His humbleness and simplicity attracted people towards him. He provided us with a sense of enthusiasm which was transmittable.

***"How good and pleasant it is when God's people live together in unity!" [Psalms 133:1]***

The bond took another turn when I came to know that Bishop would be leading us to fulfill the cherished dream of Archbishop Benedict Mar Gregorios to flourish the Malankara mission in North India which he had shared with me in the year 1990. It was a blessing to walk with Bishop for various missionary works in the villages of Punjab. Bishop Barnabas took strong steps towards the growth of the Malankara Mission in Jalandhar, Punjab and various other parts of Northern India. Bishop Barnabas wanted to build a Malankara Church in Jalandhar but he could not see it completed. I am sure his followers will work for it and one day it will come true.

His selfless and untiring service to the poor, orphaned, old and sick will be remembered by everyone. He was a man full of the Holy Spirit and of faith. As we read in ***Mk 16: 15*** - ***"Go into all the world and preach the gospel to the whole creation".*** That is exactly what Pithav did. Going in different corners of the Northern India and preaching the good news; establishing missions, churches, and many institutions for the relief of every human need; hospitals, houses for poor and in need, foundling homes, shelters for travelers etc. He dedicated his entire religious life to the service not only for the Malankarites (or Catholics) but for the society in general through his ministry.

When we heard Pithav was hospitalized we had a strong belief that Pithav will recover soon. No moment was spent without thinking of him and praying for him. The news about our beloved Aboon's demise had totally shattered us; I miserably run out of words to express how we miss our Bishop. We, the malankarites will always remain indebted to His grace.

The last few words uttered by him still rings in our ears -- " വീട്ടിലെ എന്റെ ഒരു സപ്പർ നഷ്ടപ്പെട്ടെങ്കിലും അടുത്ത പ്രാവശ്യം വരുമ്പോൾ കാണാം ........എന്ന് യാത്ര ചോദിച്ചു പോയി". It's very difficult for us to accept the fact that he will no longer make that visit. It feels like nothing is the same as before – emptiness somewhere -- but we are happy that he is resting peacefully in Lord's arms. He will remain in our hearts and memories for ever.

www.malankaralibrary.com

He is indeed a pride to every Malankarite. Thirumeni left a great responsibility for each of us to sustain the mission and the great deeds, so let's pass on the light to the future generations. May God grant us the grace and strength to fulfill the mission of Christ.

***'Truly, I say to you, as you did it to one of the least of these my brethren, you did it to me.' [Mathew 25:40]***



**John Cherian, Bhopal. Managing Committee Member, MCA Central Committee**

ബർണബാസ് പിതാവിനെപ്പറ്റി ഒരു ഓർമക്കുറുപ്പ് എഴുതുവാൻ പറ്റിയ ഈ അവസരത്തിനു ഞാൻ ദൈവത്തോട് നന്ദി പറയുന്നു. ബർണബാസ് പിതാവും ഞാനും തമ്മിലുള്ള ബന്ധവും, ഉണ്ടായിട്ടുള്ള അനുഭവങ്ങളും കുറിക്കുവാൻ ധാരാളം മണിക്കൂറുകൾ വേണ്ടിവരും. ഏതാനും ചില ഓർമ്മകൾ മാത്രം കുറിക്കുന്നു. പിതാവു പൂനയിൽ ആയിരിക്കുമ്പോൾ തന്നെ ഞാൻ പിതാവിനെ അറിയുമായിരുന്നു, എന്നാൽ റെക്ടർ ആയി പൂനാ ബഥനി ആശ്രമത്തിൽ വന്നതിനു ശേഷമാണ് പിതാവുമായി കൂടുതൽ അടുത്തതും. അന്ന് ഞാൻ യൂത്ത് മിനിസ്ട്രിയിലും Childrens മിനിസ്ട്രയിലും കോൺസെൻട്രേറ്റ് ചെയ്തിരുന്ന കാലഘട്ടം ആയിരുന്നു. എന്റെ നേതൃത്വത്തിൽ നടന്ന എല്ലാ റിട്രീറ്റുകളിലും പിതാവിൻറെ അഥവാ ചാക്കോ അച്ഛൻറെ സാന്നിത്യം വളരെ ശ്രദ്ധേയം ആയിരുന്നു. എന്നോടു പറയുമായിരുന്നു എന്റെ റിട്രീറ്റിന്റെ അവസാനത്തെ രണ്ടര മണിക്കൂർ നീണ്ടുനിൽക്കുന്ന സമാപന ശുശ്രുഷയിൽ പങ്കെടുക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നു എന്ന്. അതിനാൽ എന്നെല്ലാം ഞാൻ പിതാവിനെ ക്ലാസിനു വിളിക്കുമോ അന്നെല്ലാം ആ മണിക്കൂറുകളോട് ചേർത്തു വച്ചുള്ള സമയമായിരുന്നു ഞാൻ പിതാവിനോട് പറയുക.

2007-ൽ പിതാവിൻറെ മെത്രാഭിഷേകവും കഴിഞ്ഞു ഞാൻ കൈ മുത്തുവാൻ ചെന്നപ്പോൾ എന്നോടു പറഞ്ഞു എന്നെ കണ്ടിട്ടേ പോകാവൂ എന്ന്. എല്ലാ തിരക്കുകളും കഴിഞ്ഞു ഞാൻ കാണാൻ ചെന്നപ്പോൾ എന്നോടുപറഞ്ഞു March 13 ന് (2007), പൂനയിൽ വരും, അവിടെ എന്നെ കാണണം, പല കാര്യങ്ങൾ സംസാരിക്കാനുണ്ട്. മെത്രാഭിഷേകത്തിൻറെ 3-)o ദിവസമായിരുന്നു അത്. ഞാൻ Ramwadi ആശ്രമത്തിൽ ചെന്നപ്പോൾ ഞങ്ങൾ 2 മണിക്കൂർ നീണ്ടുനിന്ന ചർച്ചകൾ നടത്തി. എന്നോട് ആവശ്യപ്പെട്ടത് ETRI യുടെ പ്രവർത്തനങ്ങളിൽ പിതാവിനോട് ഒപ്പം ഉണ്ടായിരിക്കണം എന്നാണ്. ഞാൻ അത് പിതാവിന് വാഗ്ദാനം ചെയ്തു. അത് 2021 April 10 -)o തീയതി 1 മണി വരെ നിർവഹിച്ചു.

2011 ലെ First Assembly യിൽ എന്നെ വിട്ടതും അതിനുള്ള ക്രമീകരണം ചെയ്തതും പിതാവാണ്. 2012 ൽ സുവിശേഷ സംഘത്തിൽ എന്നേ പ്രേരിപ്പിച്ചു വിട്ടതും ഒന്നിച്ചു ഒരു വർഷത്തെ പിതാവിന്റെ നേതൃത്വത്തിൽ ഉള്ള ട്രെയിനിങ്ങിൽ പങ്കുചേരുവാനും കൈവെപ്പു

www.malankaralibrary.com

സ്വീകരിക്കുവാനും സാധിച്ചത് പിതാവ് ഒരാൾ മാത്രം എന്നെ നിർബന്ധിച്ചു അയച്ചതു കൊണ്ടു മാത്രമാണ്.

2013 March 7-)o തീയതി വൈകിട്ട് 4 മണിക്ക് എനിക്ക് ഒരു ഫോൺ കാൾ ഡൽഹിയിൽ നിന്നും വന്നു, വളരെ അത്യാവശ്യമായി 8 -)o തീയതി രാവിലെ ഞാൻ ഡൽഹിയിൽ എത്തണം എന്നായിരുന്നു മെസ്സേജ്. അതനുസരിച്ചു ഞാൻ ഡൽഹിയിൽ എത്തി. പിതാവ് വന്നപ്പോൾ ഞാൻ പിതാവിനോട് അന്വേഷിച്ചു എന്തിനാണ് എന്നെ വിളിപ്പിച്ചത് എന്ന്. പിതാവുപറഞ്ഞു ഒറീസ്സയിൽ നിന്ന് 5 പേര് വന്നിട്ടുണ്ട്. ബഹു. വിനയാനന്ദ് അച്ചൻ അവർക്കു ക്ലാസ് എടുത്തുകൊണ്ടു ഇരിക്കുകയാണ്. അതുകഴിഞ്ഞാൽ ജോജി അങ്കിൾ അവരോടുകൂടെ കൂടണം 4 ദിവസം അവർ ഇവിടെ ഉണ്ടാകും, അതുകഴിഞ്ഞു അവിടോടുകൂടെ ഒറീസ്സയിൽ പോകണം. അവിടെച്ചെന്നു കാര്യങ്ങൾ ഒക്കെ നിജപ്പെടുത്തി എന്നെ അറിയിക്കണം. ഞാനും, ദേവസ്യാ അച്ചനും ഒന്നിച്ചാണ് ഒറീസ്സയിൽ പോയത്. അതാണ് ഒറീസ്സ മിഷൻറെ ആരംഭം.

2015 May 1 ന് ഗുഡ്ഗാവ് രൂപത സ്ഥാപനത്തിനു ശേഷം എന്നോട് പറഞ്ഞു നമുക്ക് ഒറീസ്സയിൽ ആദ്യമായിട്ടുള്ള എന്റെ ഔദ്യോഗികമായ വിസിറ്റു നടത്തണം. അങ്ങനെ May മാസം 12 നു ഞാനും, പിതാവും, മിസ്സിസ് സാറാമണി കുര്യാക്കോസും കൂടിയാണ് ഒറീസ വിസിറ്റിനു പോയത്. 2016 ൽ എന്നോട് പറഞ്ഞു നോർത്ത് ഈസ്റ്റിൽ ജിഗ്മി അച്ചനെ സഹായിക്കാൻ പോകണം എന്ന്, അതേ സമയം തന്നെ എന്നോട് പഞ്ചാബിൽ മി. അഗായിയെ സഹായിക്കാൻ പോകണം എന്നും പറഞ്ഞു.

അവസാനമായി പിതാവിനെ ഞാൻ എന്റെ മിഷൻ പ്രവർത്തനവുമായി ബന്ധപ്പെടുന്നത് 2021 ഫെബ്രുവരി മാസത്തിലാണ്. അപ്പോൾ എന്നോട് ആവശ്യപ്പെട്ടത് ഞാൻ നേതൃത്വം എടുത്തു നടത്തുന്ന "Bacis Catachism for the Mission newly joining people", ആ പഠിപ്പിക്കലുകൾ മുഴുവൻ ഒരു പുസ്തക രൂപത്തിൽ ആക്കണം എന്നാണ് എന്നോട് ആവശ്യപ്പെട്ടത്. അതിൻ്റെ Script എന്നെ ഏല്പിച്ചാൽ മതി നമുക്ക് അത് ചെയ്യാം എന്ന്. ഞാൻ ആദ്യം അത് വല്യ സീരിയസ്സായി കണ്ടില്ല. എന്നാൽ April 6 മുതൽ 10 വരെ ഞങ്ങൾ ഒന്നിച്ചു ബത്തേരിയിലെയും, പുത്തൂരിലെയും പട്ടംകുടയിൽ ഉണ്ടായിരുന്നു. ആ സമയത്തു ഞങ്ങൾ ഒന്നിച്ചു സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ പിതാവ് എന്നോടു ചോദിച്ചു പുസ്തകത്തിൻറെ എഴുത്തു എവിടെവരെ ആയി എന്ന്. അപ്പോളാണ് ഞാൻ ഇത് സീരിയസ് ആണ് എന്ന് മനസിലാക്കിയത്. ഒരു പക്ഷെ എന്നെ മലങ്കര സഭയുടെ ആ സത്തയിലേക്കു കൈ പിടിച്ചു നടത്തുവാൻ പിതാവിന് സാധിച്ചു എന്ന് ഞാൻ ഇപ്പോൾ സ്നേഹപൂർവ്വം ഓർക്കുകയാണ്.

ഗുഡ്ഗാവ് രൂപതയിൽ, മൈനർ സെമിനാരി ഗുഡ്ഗാവ് രൂപതയിൽ തുടങ്ങുമ്പോൾ എന്നോട് പറയുകയുണ്ടായി ജോജി അങ്കിളേ നമുക്ക് അത് തുടങ്ങണം. നമുക്ക് ബാബ പിതാവിനോട് പെർമിഷൻ വാങ്ങിച്ചു തുടങ്ങണം. അങ്ങനെയാണ് പതയാത്രയുടെ സമയത്തു അതിനു പെർമിഷൻ പിതാവ് തരുക. എനിക്ക് അന്ന് നല്ല ഓർമയുണ്ട് പിതാവ് വളരെ സന്തോഷവാനായിരുന്നു. റെനിയെ വിളിച്ചിട്ടു പറഞ്ഞു ഷിഫ്റ്റിംഗ് ഒക്കെ മാറ്റിവയ്ക്കു അവിടെ സെമിനാരി തുടങ്ങണം. ഇതെല്ലം എനിക്ക് ഇന്നലെയെപ്പോലെ ഓർമ്മ വരുന്ന നിമിഷങ്ങളാണ്. ഗുർഗാവ് രൂപതയെ പറ്റിച്ചേർന്നു നിൽക്കുവാൻ പിതാവ് മുഖേന എനിക്ക് ലഭിച്ച അവസരങ്ങളെ ഓർത്തു ഞാൻ ദൈവത്തിനു നന്ദി പറയുന്നു.

ബർണബാസ് പിതാവിനെപ്പറ്റി ഒരു ഓർമക്കുറുപ്പ് എഴുതുവാൻ പറ്റിയ ഈ അവസരത്തിനു ഞാൻ ദൈവത്തോട് നന്ദി പറയുന്നു. ബർണബാസ് പിതാവും ഞാനും തമ്മിലുള്ള ബന്ധവും, ഉണ്ടായിട്ടുള്ള അനുഭവങ്ങളും കുറിക്കുവാൻ ധാരാളം മണിക്കൂറുകൾ വേണ്ടിവരും. ഏതാനും ചില ഓർമ്മകൾ മാത്രം കുറിക്കുന്നു. പിതാവു പൂനയിൽ ആയിരിക്കുമ്പോൾ തന്നെ ഞാൻ പിതാവിനെ അറിയുമായിരുന്നു, എന്നാൽ റെക്ടർ ആയി പൂനാ ബഥനി ആശ്രമത്തിൽ വന്നതിനു ശേഷമാണ് പിതാവുമായി കൂടുതൽ അടുത്തതും. അന്ന് ഞാൻ യൂത്ത് മിനിസ്ട്രിയിലും Childrens മിനിസ്ട്രയിലും കോൺസെൻട്രേറ്റ് ചെയ്തിരുന്ന കാലഘട്ടം ആയിരുന്നു. എന്റെ നേതൃത്വത്തിൽ നടന്ന എല്ലാ റിട്രീറ്റുകളിലും പിതാവിൻറെ അഥവാ ചാക്കോ അച്ചൻറെ സാന്നിത്യം വളരെ ശ്രദ്ധേയം ആയിരുന്നു. എന്നോടു പറയുമായിരുന്നു എന്റെ റിട്രീറ്റിന്റെ അവസാനത്തെ രണ്ടര മണിക്കൂർ നീണ്ടുനിൽക്കുന്ന സമാപന ശുശ്രുഷയിൽ പങ്കെടുക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നു എന്ന്. അതിനാൽ എന്നെല്ലാം ഞാൻ

www.malankaralibrary.com

പിതാവിനെ ക്ലാസിനു വിളിക്കുമോ അന്നെല്ലാം ആ മണിക്കൂറുകളോട് ചേർത്തു വച്ചുള്ള സമയമായിരുന്നു ഞാൻ പിതാവിനോട് പറയുക.

2007-ൽ പിതാവിൻറെ മെത്രാഭിഷേകവും കഴിഞ്ഞു ഞാൻ കൈ മുത്തുവാൻ ചെന്നപ്പോൾ എന്നോടു പറഞ്ഞു എന്നെ കണ്ടിട്ടേ പോകാവൂ എന്ന്. എല്ലാ തിരക്കുകളും കഴിഞ്ഞു ഞാൻ കാണാൻ ചെന്നപ്പോൾ എന്നോടുപറഞ്ഞു March 13 ന് (2007), പൂനയിൽ വരും, അവിടെ എന്നെ കാണണം, പല കാര്യങ്ങൾ സംസാരിക്കാനുണ്ട്. മെത്രാഭിഷേകത്തിൻറെ 3-)o ദിവസമായിരുന്നു അത്. ഞാൻ Ramwadi ആശ്രമത്തിൽ ചെന്നപ്പോൾ ഞങ്ങൾ 2 മണിക്കൂർ നീണ്ടുനിന്ന ചർച്ചകൾ നടത്തി. എന്നോട് ആവശ്യപ്പെട്ടത് ETRI യുടെ പ്രവർത്തനങ്ങളിൽ പിതാവിനോട് ഒപ്പം ഉണ്ടായിരിക്കണം എന്നാണ്. ഞാൻ അത് പിതാവിന് വാഗ്ദാനം ചെയ്തു. അത് 2021 April 10 -)o തീയതി 1 മണി വരെ നിർവഹിച്ചു.

2011 ലെ First Assembly യിൽ എന്നെ വിട്ടതും അതിനുള്ള ക്രമീകരണം ചെയ്തതും പിതാവാണ്. 2012 ൽ സുവിശേഷ സംഘത്തിൽ എന്നേ പ്രേരിപ്പിച്ചു വിട്ടതും ഒന്നിച്ചു ഒരു വർഷത്തെ പിതാവിന്റെ നേതൃത്വത്തിൽ ഉള്ള ട്രെയിനിങ്ങിൽ പങ്കുചേരുവാനും കൈവെപ്പു സ്വീകരിക്കുവാനും സാധിച്ചത് പിതാവ് ഒരാൾ മാത്രം എന്നെ നിർബന്ധിച്ചു അയച്ചതു കൊണ്ടു മാത്രമാണ്.

2013 March 7-)o തീയതി വൈകിട്ട് 4 മണിക്ക് എനിക്ക് ഒരു ഫോൺ കാൾ ഡൽഹിയിൽ നിന്നും വന്നു, വളരെ അത്യാവശ്യമായി 8 -)o തീയതി രാവിലെ ഞാൻ ഡൽഹിയിൽ എത്തണം എന്നായിരുന്നു മെസ്സേജ്. അതനുസരിച്ചു ഞാൻ ഡൽഹിയിൽ എത്തി. പിതാവ് വന്നപ്പോൾ ഞാൻ പിതാവിനോട് അന്വേഷിച്ചു എന്തിനാണ് എന്നെ വിളിപ്പിച്ചത് എന്ന്. പിതാവുപറഞ്ഞു ഒറീസ്സയിൽ നിന്ന് 5 പേര് വന്നിട്ടുണ്ട്. ബഹു. വിനയാനന്ദ് അച്ചൻ അവർക്കു ക്ലാസ് എടുത്തുകൊണ്ടു ഇരിക്കുകയാണ്. അതുകഴിഞ്ഞാൽ ജോജി അങ്കിൾ അവരോടുകൂടെ കൂടണം 4 ദിവസം അവർ ഇവിടെ ഉണ്ടാകും, അതുകഴിഞ്ഞു അവിടോടുകൂടെ ഒറീസ്സയിൽ പോകണം. അവിടെച്ചെന്നു കാര്യങ്ങൾ ഒക്കെ നിജപ്പെടുത്തി എന്നെ അറിയിക്കണം. ഞാനും, ദേവസ്യാ അച്ഛനും ഒന്നിച്ചാണ് ഒറീസ്സയിൽ പോയത്. അതാണ് ഒറീസ്സ മിഷൻറെ ആരംഭം.

2015 May 1 ന് ഗുഡ്ഗാവ് രൂപത സ്ഥാപനത്തിനു ശേഷം എന്നോട് പറഞ്ഞു നമുക്ക് ഒറീസ്സയിൽ ആദ്യമായിട്ടുള്ള എന്റെ ഔദ്യോഗികമായ വിസിറ്റു നടത്തണം. അങ്ങനെ May മാസം 12 നു ഞാനും, പിതാവും, മിസ്സിസ് സാറാമണി കുര്യാക്കോസും കൂടിയാണ് ഒറീസ വിസിറ്റിനു പോയത്. 2016 ൽ എന്നോട് പറഞ്ഞു നോർത്ത് ഈസ്റ്റിൽ ജിഗ്മി അച്ഛനെ സഹായിക്കാൻ പോകണം എന്ന്, അതേ സമയം തന്നെ എന്നോട് പഞ്ചാബിൽ മി. അഗായിയെ സഹായിക്കാൻ പോകണം എന്നും പറഞ്ഞു.

അവസാനമായി പിതാവിനെ ഞാൻ എന്റെ മിഷൻ പ്രവർത്തനവുമായി ബന്ധപ്പെടുന്നത് 2021 ഫെബ്രുവരി മാസത്തിലാണ്. അപ്പോൾ എന്നോട് ആവശ്യപ്പെട്ടത് ഞാൻ നേതൃത്വം എടുത്തു നടത്തുന്ന "Basic Catachism for the Mission newly joining people", ആ പഠിപ്പിക്കലുകൾ മുഴുവൻ ഒരു പുസ്തക രൂപത്തിൽ ആക്കണം എന്നാണ് എന്നോട് ആവശ്യപ്പെട്ടത്. അതിൻ്റെ Script എന്നെ ഏല്പിച്ചാൽ മതി നമുക്ക് അത് ചെയ്യാം എന്ന്. ഞാൻ ആദ്യം അത് വല്യ സീരിയസ്സായി കണ്ടില്ല. എന്നാൽ April 6 മുതൽ 10 വരെ ഞങ്ങൾ ഒന്നിച്ചു ബത്തേരിയിലെയും, പുത്തൂരിലെയും പട്ടംകുടയിൽ ഉണ്ടായിരുന്നു. ആ സമയത്തു ഞങ്ങൾ ഒന്നിച്ചു സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ പിതാവ് എന്നോടു ചോദിച്ചു പുസ്തകത്തിൻറെ എഴുത്തു എവിടെവരെ ആയി എന്ന്. അപ്പോളാണ് ഞാൻ ഇത് സീരിയസ് ആണ് എന്ന് മനസിലാക്കിയത്. ഒരു പക്ഷെ എന്നെ മലങ്കര സഭയുടെ ആ സത്തയിലേക്കു കൈ പിടിച്ചു നടത്തുവാൻ പിതാവിന് സാധിച്ചു എന്ന് ഞാൻ ഇപ്പോൾ സ്നേഹപൂർവ്വം ഓർക്കുകയാണ്.

ഗുഡ്ഗാവ് രൂപതയിൽ, മൈനർ സെമിനാരി ഗുഡ്ഗാവ് രൂപതയിൽ തുടങ്ങുമ്പോൾ എന്നോട് പറയുകയുണ്ടായി ജോജി അങ്കിളേ നമുക്ക് അത് തുടങ്ങണം. നമുക്ക് ബാബ പിതാവിനോട് പെർമിഷൻ വാങ്ങിച്ചു തുടങ്ങണം. അങ്ങനെയാണ് പതയാത്രയുടെ സമയത്തു അതിനു പെർമിഷൻ പിതാവ് തരുക. എനിക്ക് അന്ന് നല്ല ഓർമയുണ്ട് പിതാവ് വളരെ സന്തോഷവാനായിരുന്നു. റെനിയെ വിളിച്ചിട്ടു പറഞ്ഞു ഷിഫ്റ്റിംഗ് ഒക്കെ മാറ്റിവയ്ക്കു അവിടെ സെമിനാരി തുടങ്ങണം. ഇതെല്ലം എനിക്ക് ഇന്നലെയെപ്പോലെ ഓർമ്മ വരുന്ന

www.malankaralibrary.com

നിമിഷങ്ങളാണ്. ഗുർഗാവ് രൂപതയെ പറ്റിച്ചേർന്നു നിൽക്കുവാൻ പിതാവ് മുഖേന എനിക്ക് ലഭിച്ച അവസരങ്ങളെ ഓർത്തു ഞാൻ ദൈവത്തിനു നന്ദി പറയുന്നു.



**Mrs Ponnamma Yohannan, MCYM Animator Gurgaon Diocese**

അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിന്റെ വിയോഗം എന്റെ കുടുംബത്തെ സംബന്ധിച്ചിടത്തോളം നികത്താനാകാത്ത ഒരു നഷ്ടമാണ്. ഞങ്ങളുടെ കുടുംബത്തിലെ ഒരു പ്രധാന വ്യക്തി നഷ്ടപെട്ട അവസ്ഥ. അഭിവന്ദ്യ പിതാവ് ഞങ്ങളുടെ കുടുംബത്തിൻറെ ഒരു ഭാഗമായിരുന്നു. ഒന്നിച്ചു യാത്രചെയ്യുവാനും, ഭക്ഷണം കഴിക്കുവാനും, ഭക്ഷണം വിളമ്പുവാനും, തിരുത്തലുകളും, ആ തിരുത്തൽ സ്വീകരിക്കുവാനും, പങ്കുവയ്ക്കുവാനും ഉള്ള ഒരു മനസ്സ് ഞങ്ങൾക്കുതന്നു. ആ ഒരു വലിയ അനുഭവം ഞങ്ങളുടെ ജീവിതത്തിൽ മറക്കുവാൻ സാധിക്കാത്ത ഒന്നാണ്. പിതാവുമായിട്ട് ഒന്നിച്ചുള്ള യാത്രകളിലെല്ലാം ദൈവ സ്നേഹമായി പിതാവ് മാറുകയായിരുന്നു.

പിതാവിന്റെ ഉപദേശങ്ങളും, കരുതലും, സ്നേഹവും അത് ഞങ്ങളുടെ കുടുംബത്തിന്റെ ശക്തിയായിരുന്നു. പിതാവിൻറെ ദൈവസന്നിധിയിലേക്കുള്ള യാത്ര, ഒരുപക്ഷെ ഞങ്ങൾക്കു മുമ്പേ സ്വർഗ്ഗത്തിൽ ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥം വഹിക്കുവാൻ പിതാവുണ്ട് എന്നു ഞങ്ങൾ ആശ്വസിക്കുന്നു. വന്ദ്യ പിതാവിൻറെ വിശുദ്ധ ജീവിതം നമ്മൾക്ക് ഒരു ശക്തിയാണ്, വരും തലമുറയ്ക്ക് ഒരു മാതൃകയാണ്, അത് നമ്മൾക്ക് ഒരു അനുഗ്രഹമാണ്. നമ്മുടെ ഓരോരുത്തരുടേയും പ്രാർത്ഥനയിലും നമുക്ക് അഭിവന്ദ്യ പിതാവിനെ ദൈവ സന്നിധിയിൽ സമർപ്പിക്കാം.

www.malankaralibrary.com



**Mr. V. A. George**
**President, MCA- Eparchy of Pune-Khadki**

2021 ആഗസ്റ്റ് 26 -)ം തീയതി ഭാരതത്തിലെ 22 സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന ഗുഡ്ഗാവ് രൂപതയുടെ അഭിവന്ദ്യ മെത്രാപോലീത്ത Dr. Jacob Mar Bernabas പിതാവ് എല്ലാവരെയും ദുഃഖത്തിലാഴ്ത്തിക്കൊണ്ട് സ്വർഗ്ഗത്തിലേക്കു വിളിക്കപ്പെട്ടു.

1960 December 3-)ം തീയതി മോനിച്ചൻ എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന ചാക്കോ റാന്നിക്കടുത്ത് നീരേറ്റുകാവ് ഇടവകയിൽ ഏറത്തു വീട്ടിൽ ശ്രീ. ഗീവർഗീസിൻറെയും ശ്രീമതി റേച്ചലിൻറെയും 8 മക്കളിൽ സീമന്ത പുത്രനായി ജനിച്ചു.

1975 - ൽ ബഥനി സന്യാസ സമൂഹത്തിനുവേണ്ടി വൈദിക വിദ്യാർത്ഥിയായി ചേരുകയും 1986 October 6-ന് ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിൽനിന്ന് ബഥനി സന്യാസ സമൂഹത്തിനുവേണ്ടി തിരുപ്പട്ടം സ്വീകരിച്ചു. ബഥനി സന്യാസ സമൂഹത്തിൻറെ വിവിധ പദവികളിൽ സ്തുസ്ത്യാർഹമായ സേവനം നിർവഹിച്ചു. ആലുവാ കേന്ദ്രമാക്കി പുതുതായി രൂപീകരിച്ച നവജീവൻ പ്രൊവിൻസിൻ്റെ പ്രൊവിൻഷ്യൽ ജനറലായി സേവനം അനുഷ്ഠിച്ചു.

2007 ഫെബ്രുവരി മാസത്തിൽ ബെനഡിക്ട് 16 -) മൻ മാർപ്പാപ്പ ETRI യുടെ Apostolic Visitor ആയി നിയമിച്ചു. ETRI രണ്ടു ഭാഗങ്ങൾ ആക്കിയപ്പോൾ 22 സംസ്ഥാനങ്ങൾ ഉൾക്കൊള്ളുന്ന ഡൽഹി ഗുഡ്ഗാവ് രൂപതയുടെ പ്രഥമ മെത്രാനായി നിയമിച്ചു. അഭിവന്ദ്യ പിതാവ് 10 സംസ്ഥാനങ്ങളിൽ മിഷൻ കേന്ദ്രങ്ങൾ സ്ഥാപിച്ചു. ഒറീസ്സാ മിഷനിൽനിന്നാരംഭിച്ച പ്രയാണം മലങ്കര കത്തോലിക്ക സഭയുടെ വളർച്ചയെ എടുത്തു കാണിക്കുന്ന ഒന്നാണ്. അഭിവന്ദ്യ ബർണബാസ് പിതാവിനോടൊപ്പം Bombay പ്രദേശങ്ങളിൽ ഉള്ള ചില മിഷൻ കേന്ദ്രങ്ങൾ സന്ദർശിക്കുവാൻ എനിക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ട്. ബർണബാസ് പിതാവിനോട് ഏറ്റവും അടുത്തുനിന്നുകൊണ്ട് സഭയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ 10 വർഷത്തിലധികമായി പാസ്റ്റർ കൗൺസിൽ മെമ്പറായി പ്രവർത്തിക്കുവാൻ സാധിച്ചത് വലിയ ഒരു അനുഗ്രഹമാണ്, കൂടാതെ പിതാവിൻറെ ഉപദേശക സമിതിയിൽ 2 അല്മായരെ നിയമിച്ചിരുന്നു. വെസ്റ്റ് ഡൽഹിയിൽ നിന്നും ശ്രീ. ജോൺസൻ ബെഞ്ചമിനും ഭോപ്പാലിൽ നിന്ന് എനിക്കും അഭിവന്ദ്യ പിതാവിനോട് ഏറ്റവും അടുത്തുനിന്ന് പ്രവർത്തിക്കുവാൻ സാധിച്ചു.

അഭിവന്ദ്യ പിതാവിൻറെ ദീർഘവീക്ഷണമായ രണ്ടു പദ്ധതികളായിരുന്നു Mar Ivanios Trust ഉം Mar Ivanios Education Trust ഉം. Mar Ivanios Trust ൽ അംഗമാകുവാനും പിതാവിനോടൊത്തു പ്രവർത്തിക്കുവാനും എനിക്ക് സാധിച്ചു. ഈ ട്രസ്റ്റിൻറെ പേരിൽ വാങ്ങിയ സ്ഥലം ഒറീസ്സയിൽ

www.malankaralibrary.com

വാങ്ങി പള്ള മിഷൻ പ്രവർത്തനങ്ങൾക്കായി വിട്ടുകൊടുത്തു. ഇന്ന് നിലവിലുള്ള Mar Ivanios Education Trust പിതാവിൻറെ രണ്ടാമത്തെ ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതി ആയിരുന്നു. ഈ ട്രസ്റ്റിൻറെ നവീകരണത്തിന് അഭിവന്ദ്യ പിതാവിനോടും വികാരി ജനറൽ ആയിരുന്ന ബഹു. ജോൺ കൊച്ചുതുണ്ടിയിൽ അച്ചൻ (ഇന്നു മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ) നോടും ചേർന്നു നിന്നുകൊണ്ട് ട്രസ്റ്റിൻറെ രൂപീകരണത്തിന് പങ്കാളിയാകാൻ സാധിച്ചതിൽ ചാരിതാർഥ്യം ഉണ്ട്. ഈ ട്രസ്റ്റിൻറെ പേരിൽ തുടങ്ങിയ Mar Ivanios School ബർണബാസ് പിതാവിൻറെ വലിയഒരു സ്വപ്നമായിരുന്നു. പിതാവിൻറെ സ്വപ്നം പൂർത്തീകരിക്കുന്നതിൽ സഭാമക്കളായ നമുക്ക് ഒത്തൊരുമിച്ചു പ്രവർത്തിക്കാൻ പരിശ്രമിക്കാം. അല്മായർ മിഷൻ പ്രവർത്തനങ്ങളിൽ പോയി ശുശ്രുഷ ചെയ്യണമെന്ന് തൻറെ പ്രസംഗങ്ങളിൽ ഉൽബോധിപ്പിച്ചിരുന്നു.

അഭിവന്ദ്യ പിതാവ് ETRI യുടെ സാരഥ്യം വഹിച്ചിരുന്ന കാലഘട്ടത്തിൽ ദരിദ്രർക്കു വേണ്ടി, തെരുവിൽ അലയുന്നവർക്കു വേണ്ടി ആരംഭിച്ച പദ്ധതി ആണല്ലോ വിശക്കുന്നവർക്ക് ആഹാരം കൊടുക്കുക എന്ന പദ്ധതി. പിതാവ് എന്നോടു നിർദ്ദേശിച്ചതനുസരിച്ചു ഡൽഹി ഫരീദാബാദ് ഇടവകയിലെ ഫിലിപ്പ് അങ്കിളുമായി സഹകരിച്ച് ഡൽഹി പരിസര പ്രദേശങ്ങളിലെ പല ഭവനങ്ങളിൽ നിന്ന് ഭക്ഷണപ്പൊതികൾ ശേഖരിച്ച് വിവിധ ചേരികളിൽ ഭക്ഷണം വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

അഭിവന്ദ്യ പിതാവിന്റെ പ്രത്യേക താത്പര്യപ്രകാരം സുവിശേഷ സംഗത്തിൽനിന്നു ലഭിച്ച ഉൾവിളിയും ഉൾക്കൊണ്ടുകൊണ്ട് ദുർഗ് മിഷനിൽ കടന്നുചെല്ലുവാനും, പിതാവിൻറെ അനുഗ്രഹാശിസുകളോടെ 2016 July മാസത്തിൽ ദുർഗ് മിഷൻ പ്രവർത്തനം ആരംഭിച്ചു. 2020 January 27 ന് അഭിവന്ദ്യ പിതാവ് ദുർഗ് മിഷൻ സന്ദർശിച്ചു. ആദ്യത്തേതും അവസാനത്തേതും ആയ ആ സന്ദർശനം അവിടെയുള്ള എല്ലാ വിശ്വാസികളുടെയും ഹൃദയത്തിൽ സ്ഥാനം പിടിക്കുവാൻ പിതാവിനു സാധിച്ചു. അന്ന് അവിടെ കൂടിയിരുന്ന എല്ലാവരുമായി പ്രത്ത്യേകമായി പിതാവ് തന്റെ സ്നേഹം പകർന്നു കൊടുത്തു, ഇന്നും അവരുടെ ഹൃദയങ്ങളിൽ പിതാവ് ജീവിച്ചിരിക്കുന്നു. ദുർഗ് മിഷനിൽ ഒരു പ്രാർത്ഥനാ ഭവനം ഉണ്ടാക്കുക എന്നത് പിതാവിൻറെ ഒരു വലിയ സ്വപ്നമായിരുന്നു. ആ സ്വപ്നം പൂർത്തിയാക്കുന്നതിന് പിതാവിൻറെ മാദ്ധ്യസ്ഥം പ്രത്യേകം യാചിക്കാം

മാർ ഈവാനിയോസ് സ്കൂളിൻറെ തറക്കല്ലിടുന്ന സമയത്തു അഭിവന്ദ്യ പിതാവിൻറെ പ്രത്യേക ക്ഷണപ്രകാരം അതിൽ പങ്കെടുക്കുവാനുള്ള അവസരവും, സ്കൂളിൻറെ Blessing സമയത്തും പങ്കെടുക്കുവാനും സാധിച്ചു. അന്നേദിവസം അസ്വസ്ഥയെ തുടർന്ന് 3 ദിവസം അരമനയിൽ താമസിക്കുകയും അഭിവന്ദ്യ പിതാവിന്റെ പ്രത്യേക കരുതൽ എനിക്കു ലഭിക്കുകയുമുണ്ടായി. ഒരിക്കൽ തിരുവനന്തപുരത്തുനിന്നും ഡൽഹിയിലേക്കുള്ള യാത്രയിൽ പിതാവിൻറെ വലിയ ഒരു എളിമ കാണുവാൻ സാധിച്ചു. അഭിവന്ദ്യ പിതാവും വല്ല്യച്ചനും ഞാനും കൂടി ഉള്ള യാത്രയിൽ തിരുവനന്തപുരം എയർപോർട്ടിൽ വച്ച് എനിക്ക് ഒരു ചെറിയ ശാരീരിക അസ്വസ്ഥത അനുഭവപ്പെട്ടപ്പോൾ എന്റെ കൈകൾ പിടിച്ചു വല്യച്ചനും, എൻറെ ബാഗേജുകൾ എടുക്കുകയും ചെയ്ത പിതാവിന്റെ ആ എളിയ ജീവിതം എല്ലാവർക്കും മാതൃകയാണ്.

രൂപതയുടെ വാർഷികത്തോട് അനുബന്ധിച്ചു അരമനയിൽ വച്ചുനടന്ന ഉച്ചഭക്ഷണത്തിൽ മാർപ്പാപ്പയുടെ പ്രതിനിധിയും പങ്കെടുത്തിരിയുന്നു. അവിടെ കൂടിയിരുന്നവരെ വത്തിക്കാൻ പ്രതിനിധിയെ പരിചയപ്പെടുത്തിയപ്പോൾ, ശ്രീ. ജോൺസൻ ബെഞ്ചമിൻ പിതാവിൻറെ വലതുകൈ ആയും, എന്നെ ഇടതുകൈ ആയും, പിതാവിനോട് ഒപ്പം പ്രവർത്തിക്കും എന്നു പറഞ്ഞപ്പോൾ പിതാവിന്റെ സ്നേഹവും കരുതലും അനുഭവിക്കുവാൻ ഇടയായി. അതൊരു വല്ല്യ അനുഗ്രഹമായിരുന്നു. അഭിവന്ദ്യ പിതാവിൻറെ കുടുംബത്തോടും മാതാപിതാക്കളോടും എനിക്ക് നല്ല ഒരു സ്നേഹബന്ധമുണ്ടായിരുന്നു. നാട്ടിൽ പോകുന്ന സമയത്തു പിതാവിൻറെ ഭവനം സന്ദർശിക്കുകയും, മാതാപിതാക്കോളോടൊത്തു സ്നേഹം പങ്കുവയ്ക്കുവാനും സാധിച്ചിട്ടുണ്ട്.

അഭിവന്ദ്യ പിതാവിൻറെ വേർപാട് ഭാരത സഭയ്ക്കും, മലങ്കര കത്തോലിക്ക സഭയ്ക്കും, ഗുഡ്ഗാവ് രൂപത്തിക്കും, ഓരോ മലങ്കര കത്തോലിക്കാനും തീരാ നഷ്ടമാണ്, ആ നഷ്ടം ഒരിക്കലും നികത്താനാകില്ല. അദ്ദേഹവുമായി ബന്ധപ്പെട്ടിട്ടുള്ളവരുടെ ഹൃദയങ്ങളിൽ

www.malankaralibrary.com

പിതാവ് എന്നും ജീവിക്കും. അദ്ദേഹത്തിൻറെ 2007 മുതലുള്ള സംഭാവനകൾ സ്വർണ ലിപികളിൽ എഴുതപ്പെടുമെന്നുള്ളതിൽ സംശയമില്ല.

## "ജേക്കബ് മാർ ബർണബാസ് എന്ന ഇടയശ്രേഷ്ഠൻ."

വിശുദ്ധ യോഹന്നാന്റെ സുവിശേഷം അദ്ധ്യായം 10, 11-ആം തിരുവചനം നാം ഇങ്ങനെ വായിക്കുന്നു. "ഞാൻ നല്ല ഇടയനാണ്, നല്ല ഇടയൻ തൻറെ ആടുകൾക്കു വേണ്ടി സ്വജീവൻ അർപ്പിക്കുന്നു." യഥാർത്ഥത്തിൽ സഭാ മക്കൾക്കു തൻറെ ആടുകൾക്കു വേണ്ടി ജീവൻ അർപ്പിച്ച മഹാ ഇടയനായിരുന്നു കാലംചെയ്ത നമ്മുടെ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി. തൻറെ ആടുകളെ കൂട്ടിനകത്തു കയറ്റി അവർക്കു വേണ്ടി കാവൽ ഇരിക്കുന്ന നല്ല ഇടയൻ.



**Robert George, President, MCA Delhi Region**

ഗുഡ്ഗാവ് രൂപതയായ തൻറെ വയിലിലെ വിജാതീയരും, സ്വജാതീയരുമായ തൻറെ ആടുകൾക്കു വേണ്ടി ഊണും ഉറക്കവും ഉപേക്ഷിച്ച് ദൈവീക വചനങ്ങൾ പകർന്നു നൽകുവാനും, വചനപ്രകാരം ജീവിക്കുവാനും നിരന്തരം ഉത്ബോധിപ്പിച്ചിരുന്ന സ്നേഹനിധിയായ ഒരു പിതാവും ആത്മീയ ഗുരുവുമായിരുന്നു ബർണബാസ് തിരുമേനി. അജഗണങ്ങൾക്കുവേണ്ടി അവസാന ആശ്വാസവും നല്കിയ ഒരു യഥാർത്ഥ ക്റിസ്തു ശിഷ്യൻ.

ക്റിസ്തുവിനെ തൻറെജീവിതത്തിലൂടെ പകർന്നു നല്കിയ മുനിവര്യൻ.

ഭാരതത്തിലെ ഇരുപത്തി മൂന്നു വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾക്കായി ഓടി നടന്ന ശ്രേഷ്ഠനായ മിഷണറിയായിരുന്നു ബർണബാസ് മെത്രാപ്പോലീത്ത. തൻറെ മക്കളെ തേടി നടന്ന പിതാവ്, അവരെ പേർ ചൊല്ലി വിളിച്ചും ചേർത്ത് നിർത്തിയും, അന്നവും വസ്ത്രവും നൽകി അവരെ പോറ്റി വളർത്തിയ ,തന്നിലൂടെ ക്റിസ്തുവിനെ കാണിച്ചു കൊടുത്ത അജപാലകൻ.

ഒരു ക്രിസ്തു ശിഷ്യൻ എന്തായിരിക്കണമോ, എങ്ങനെയാകണമോ അത് തൻറെ ജീവിതത്തിലൂടെ പകർന്നു നൽകിയ സുവിശേഷകൻ. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നക്ഷത്ര തേജസ്സായിരുന്നു ആ പുണ്യ പിതാവ്. കൊറോണ എന്ന മഹാ വ്യാധി അനേകായിരങ്ങളെ കൊന്നൊടുക്കി സംഹാര താണ്ഡവമാടുമ്പോഴും ദൈവത്തിൽ ആശ്രയിച്ച്, ദൈവത്തിന്റെ കരുണയിൽ വിശ്വസിക്കാൻ പറഞ്ഞു കൊണ്ട് പ്രാർത്ഥനയോടെ ഭക്ഷണപ്പൊതികളുമായി ഡെൽഹിയുടെ തെരുവീഥികളിലുള്ളവർക്ക് അന്നം നൽകിയ യോഗീവര്യനായ കാഷായവേഷധാരി. വിശന്നു കരയുന്നവൻറെ മുൻപിൽ അപ്പവുമായി

www.malankaralibrary.com

എന്നെന്നും ചെല്ലുമെന്നുള്ള ധ്ർഢപ്രതിജ്ഞയിൽ തൻറെ ആരോഗ്യം പോലും ശ്രദ്ധിക്കാതെ പാവങ്ങളെ സഹായിച്ചിരുന്ന ആ വൈദീകശ്രേഷ്ഠനെ വിശുദ്ധൻ എന്നല്ലാതെ മറ്റെന്താണ് വിശേഷിപ്പിക്കുക. കാലം കരുതി വെച്ച മഹാനായ ഗുരുനാഥൻ. തൻറെ ജീവിതം കാഷായവസ്ത്രത്തിൽ പൊതിഞ്ഞ സന്യാസ വര്യൻ. അതായിരുന്നു ബർണബാസ് പിതാവ്. ജാതിമത ഭേദമെന്യേ എല്ലാവർക്കും പിതാവ്.

കുട്ടികളോടൊപ്പം കളിക്കുന്ന, അവരോടൊപ്പം നൃത്തം ചെയ്യുന്ന പാട്ടുകൾ പാടുന്ന എല്ലാവർക്കും പ്രിയങ്കരനായ പിതാവ്. ഇങ്ങനെയുള്ള വിശേഷണങ്ങൾ ബർണബാസ് പിതാവിലല്ലാതെ മറ്റാരിലാണ് ദർശിക്കാൻ കഴിയുക.

യഥാർത്ഥത്തിൽ "ബർണബാസ് " എന്ന പേരിനെ അന്വർത്ഥമാക്കുന്ന ആശ്വാസപുത്രനായിരുന്നു കാലം ചെയ്ത നമ്മുടെ സ്നേഹനിധിയായ പിതാവ്.

ഈ സവിശേഷതകൾ എല്ലാമുള്ള ഗുഡ്ഗാവ് ഭദ്രാസന മെത്രാപ്പോലീത്തായുടെ കബറക്ക ശുശ്രൂഷയിൽ പങ്കെടുക്കുവാനും, ആദരാഞ്ജലികൾ അർപ്പിക്കുവാനും കടന്നു വന്നത് കുഞ്ഞുങ്ങളും, യുവജനങ്ങളും, അൽമായരും, വൈദികരും, സന്യസ്തരും, മതമേലദ്ധ്യക്ഷൻമാരും, രാഷ്ട്രീയ സാമൂഹിക, സാംസ്കാരിക മേഖലകളിൽ നിന്നുമുള്ള അനേകായിരങ്ങളായിരുന്നു. ഡെൽഹി കണ്ട ഏറ്റവും വലിയ കബറടക്ക ശുശ്രൂഷ. പിതാവ്, ഇനിയും ഈ ഗുഡ്ഗാവ് രൂപതയിലൂടെ എന്നും ജീവിക്കും. ഡെൽഹിയിലെ എല്ലാ പത്ര-മാദ്ധ്യമങ്ങളും വലിയ അക്ഷരത്തിൽ പ്രസിദ്ധീകരിച്ചു യഥാർത്ഥത്തിൽ ബർണബാസ് മെത്രാപ്പോലീത്ത ഒരു നിത്യ പുരോഹിതനാണെന്ന്. വത്സല പിതാവേ, അങ്ങ് എന്നും ഓർമിക്കപ്പെടും. തെരുവിൻറെ മക്കളുടെ പിതാവെന്ന് അങ്ങ് വിശേഷിക്കപ്പെടും ... പിതാവിന്റെ നൻമകൾ നമുക്കും സ്വായത്തമാക്കാം.അങ്ങനെ പിതാവിന്റെ ഓർമ്മകൾ നമ്മിലൂടെ മറ്റുള്ളവർക്ക് പകർന്നു നൽകാം.

ആ മഹാ ഇടയനെ ഓർത്തു കൊണ്ട് ദൈവനാമത്തിൽ ആദരാഞ്ജലി അർപ്പിച്ചു കൊണ്ട് പ്രാർത്ഥനയോടെ....

# മാർ ബർണബാസ് തിരുമേനി..
# ക്രിസ്തു സുവിശേഷത്തിൻറെ സുഗന്ധവാഹകൻ..



**Shaji John, Gen Secretary, MCA Delhi Region**

മർക്കോസ് 16:15 ൽ സുവിശേഷം ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു, "അവൻ അവരോടു പറഞ്ഞു, നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും എൻറെ സുവിശേഷം പ്രസംഗിക്കുവിൻ" ഈ വചനത്തെ അക്ഷരാർത്ഥത്തിൽ ഹൃദയത്തിൽ ഏറ്റെടുക്കുകയും, ശിരസാ വഹിക്കുകയും ചെയ്ത ശ്രേഷ്ഠ ആചാര്യനാണ് കാലംചെയ്ത ജേക്കബ് മാർ ബർണബാസ് തിരുമേനി. ശീതീകരിച്ച നാല് ചുവരുകൾക്കുള്ളിൽ നിന്നുകൊണ്ട് ആളുകളെ കാണാതെ

www.malankaralibrary.com

നിഴലുകളെ നോക്കി പെരുമ്പറമുഴക്കി സുവിശേഷം പ്രഘോഷിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അതിനു തികച്ചും വിപരീതമായിരുന്നു ബർണബാസ് തിരുമേനി. ഭാരത സംസ്കാരത്തിന്റെ കാഷായ വസ്ത്രമണിഞ്ഞു, കൈയിൽ കൊന്തയുമേന്തി, വിയർക്കും പൊടിയുമേറ്റുകൊണ്ട്, സുഗന്ധത്തിൻറെ പരിമളമായ സുവിശേഷം വടക്കേ ഇന്ത്യയിൽ പകർന്നുനൽകിയ നസ്രേത്തിലെ യേശുവിൻറെ കൂട്ടുകാരൻ. അതാണ് ബർണബാസ് തിരുമേനി. ആ വാക്കുകളിൽ വിറയലുണ്ടായിരുന്നു, ആ കണ്ണുകളിൽ നനവുണ്ടായിരുന്നു, കാരണം തന്നെ ഏൽപ്പിച്ച ദൗത്യം എത്ര നൽകിയിട്ടും പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല എന്നുള്ള ആ വലിയ അഭിവാഞ്ചയുമായി വടക്കേ ഇന്ത്യയിൽ അങ്ങോളം ഇങ്ങോളം ഓടി നടന്ന വൈദിക ശ്രേഷ്ഠനായിരുന്നു ജേക്കബ് മാർ ബർണബാസ് തിരുമേനി.

ലോകത്തിലെ ഏറ്റവും വലിയ രൂപതയുടെ മെത്രാച്ചൻ, തൻറെ ദൗത്യത്തെ തിരിച്ചറിഞ്ഞുകൊണ്ട് സുവിശേഷത്തെ വടക്കേ ഇന്ത്യയുടെ മണ്ണിലേക്കു പകർത്തിനല്കുവാനായി തൻറെ ശരീരത്തെയും മനസ്സിനേയും ദൈവത്തിനു ദാനം നൽകിയ പുണ്യശ്രേഷ്ഠൻ. ഗോത്രവർഗ്ഗക്കാരുടെ അടുക്കലേക്ക്, വാഹനസൗകര്യങ്ങൾ ഒന്നുമില്ലാത്ത സ്ഥലത്തേക്ക്, ഇന്നും ക്രിസ്തുവിനെ അറിയാത്ത ജനത്തിൻറെ അടുക്കലേക്ക് ക്രിസ്തുവിനെ അറിയിച്ച വന്ദ്യ തിരുമേനി. ക്രിസ്തുവിനെ വഹിക്കുന്നവർക്ക് ക്രിസ്തുവിൻറെ പരിമലമുണ്ടെന്നു തിരിച്ചറിഞ്ഞുകൊണ്ട്, ആ ക്രിസ്തുവിൻറെ സുഗന്ധം വടക്കേ ഇന്ത്യൻ മണ്ണിലേക്ക് പകർത്തിനൽകുവാൻ, ഈവനിയോസ് പിതാവ് നിയോഗിച്ച, ഈവാനിയോസ് പിതാവിൻറെ അരുമശിഷ്യനാണ് കാലം ചെയ്ത ബർണബാസ് തിരുമേനി. ബർണബാസ് പിതാവിൻറെ വാക്കുകളിൽ പറഞ്ഞാൽ അവരുടെ കണ്ണുകളും കാതുകളും നിങ്ങൾക്കുവേണ്ടി കാത്തിരിക്കുന്നു. ഇമയടച്ചുനിൽക്കാതെ കണ്ണുതുറന്നു കാണുവാനും, പ്രസംഗിക്കാതെ സുവിശേഷം ആരും കേൾക്കുകയില്ലെന്നും, അതുകൊണ്ട് വേലിക്കെട്ടുകളെ പൊട്ടിച്ചെറിഞ്ഞു ക്രിസ്തുവിൻറെ വയലിലേക്ക്, വടക്കേ ഇന്ത്യയുടെ മണ്ണിലേക്ക് കടന്നുവരുവാൻ തൻറെ വൈദികരോടും, അഭിഷിക്തരോടും, കേരള സഭയോടും, ഭാരത സഭയോടും ആഹ്വനം ചെയ്യുകയും, അത് അത്യുച്ചത്തിൽ വിളിച്ചുപറയുകയും ചെയ്ത പിതാവായിരുന്നു. മിശിഹായിലേക്കു തിരിയുക എന്ന് പിതാവ് പലവട്ടം തൻ്റെ അജഗണത്തോടു പറഞ്ഞു. അംബരചുംബികളായ കോടിക്കണക്കിനു രൂപയുടെ ദേവാലയങ്ങളല്ല ഇന്നിൻറെ ആവശ്യം, മറിച്ചു ആരാധിക്കുവാൻ ഒരുചെറിയ കൂടാരം, അതിനു മിഷനെ സഹായിക്കുകയാണ് ഇന്നിൻറെ ആവശ്യമെന്നു തൻറെ ജീവിതം കൊണ്ട് കാണിക്കുകയും, അതിനുവേണ്ടി തൻ്റെ ജീവിതത്തെയും രൂപതയേയും ക്രമപ്പെടുത്തി മാതൃക കാണിച്ച ക്രിസ്തു ശിഷ്യനായിരുന്നു ബർണബാസ് തിരുമേനി എന്നു കാലം എഴുതിവയ്ക്കുന്നു.

വിശപ്പിൻറെ വിളി അങ്ങകലെ കേൾക്കുമ്പോൾ, തൻറെ കർണ്ണപടത്തിൽ പതിയുമ്പോൾ ഉള്ളതും പെറുക്കിയെടുത്തുകൊണ്ട്, അവരോടൊത്തായിരുന്നുകൊണ്ട്, അവരെ ആശ്വസിപ്പിക്കുവാൻ ആ പുണ്യതാതൻ എന്നും ബദ്ധശ്രദ്ധാലുവായിരുന്നു. അതുകൊണ്ടായിരിക്കാം ബർണബാസ് തിരുമേനിയെ ഡൽഹിയിലെ മാധ്യമങ്ങൾ "തെരുവിൻറെ പിതാവ്" എന്നു വിളിക്കുന്നത്. കരയുന്നവരോടൊപ്പം കരയുവാനും, കളിക്കുന്ന കുഞ്ഞിനോടൊപ്പം കളിക്കുവാനും പിതാവുകാണിച്ച ആ വല്യമനസ്സ് എന്നും അഭിനന്ദനാർഹമാണ്;.

അവനു അവരോടു അനുകമ്പതോന്നി എന്ന സുവിശേഷത്തിൻറെ ആ പെരുവെള്ളം എന്നും പിതാവുകാണിച്ചു. അതുകൊണ്ടാണ് ഡൽഹിയുടെ തെരുവീഥികളിൽ പിതാവിനെ നോക്കിക്കൊണ്ട് തെരുവിന്റെമക്കൾ കാത്തിരുന്നത്. ജീവിതത്തിൽ അതുപൂർണമായി നടപ്പിലാക്കുവാനും വേണ്ടി തൻ്റെ ജീവിതം നൽകുകയും ചെയ്ത വലിയ പിതാവായിരുന്നു, വലിയ ഇടയാനായിരുന്നു ഡോ. ജേക്കബ് മാർ ബർണബാസ് തിരുമേനി.

സ്വർഗ്ഗം അതുകണ്ടു സന്തോഷിച്ചു അതുകൊണ്ടു സ്വർഗ്ഗത്തിലേക്കുവിളിച്ചു വീണ്ടും നമ്മൾക്കുവേണ്ടി മാധ്യസ്ഥം വഹിക്കുവാൻ തക്കവണ്ണം സ്വർഗ്ഗം ഇന്ന് മലങ്കര സഭയോട് കരുണ കാട്ടിയിരുന്നു. ആ മക്കൾക്കുവേണ്ടി കൂടുതൽ പ്രാർത്ഥിക്കുവാൻ വേണ്ടി സ്വർഗ്ഗീയ പിതാവ് ബർണബാസ് പിതാവിനെ തിരിച്ചു വിളിച്ചിരിക്കുകയാണ്.

പിതാവേ അങ്ങ് സ്വർഗ്ഗത്തിലിരുന്ന് ഞങ്ങളുടെ ഈ രൂപതക്കുവേണ്ടി, ഈ മിഷനുവേണ്ടി, അങ്ങയുടെ തെരുവിൽ കഴിയുന്ന മക്കൾക്കുവേണ്ടി മാധ്യസ്ഥം വഹിക്കണമേ. കൂടുതൽ ശക്തികിട്ടുവാൻ, കൂടുതൽ പ്രവർത്തിക്കുവാൻ വേണ്ടി, അങ്ങുപടർത്തിയ ആ സുവിശേഷത്തിൻറെ പരിമളം ഞങ്ങളുടെ ഈ വടക്കേ ഇന്ത്യയുടെ

www.malankaralibrary.com

മണ്ണിലേക്ക് ആഴ്ന്നിറങ്ങുവാൻ തക്കവണ്ണം ഞങ്ങളെയും പ്രാപ്തരാക്കേണമേ, അങ്ങുകാണിച്ച ആ ധൈര്യം ഞങ്ങൾക്കും പകർന്നുനൽകേണമേ, അങ്ങുകാണിച്ച തീഷ്ണതയിലൂടെ സഞ്ചരിക്കുവാൻ മലങ്കര സഭയെ, ഭാരത സഭയെ അങ്ങ് ശക്തിപ്പെടുത്തേണമേ. സ്വർഗ്ഗത്തിലിരുന്ന് ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥം വഹിക്കേണമേ എന്ന് പ്രാർത്ഥിക്കുന്നു. മലങ്കര സഭയ്ക്കുലഭിച്ച ഒരു വരദാനമായിരുന്നു ബർണബാസ് തിരുമേനി എന്നുപറയാതെ വയ്യാ. നാളെ അത് ചരിത്രം എഴുതിവയ്ക്കുകയും ചെയ്യും ..

## സ്നേഹനിധിയായ ഇടയശ്രേഷ്ഠൻ
## ഭാഗ്യസ്മരണാർഹനായ
## അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ്

*"പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനിൽക്കുവിൻ" (യോഹ 15:9)*



**Sabu Samuel**
(MCA Diocese General Secretary & Pastoral Council Member)

സമർപ്പണ ജീവിതവും, സദാ പുഞ്ചിരിയും, പാവങ്ങളുടെ സാന്ത്വനവും ലാളിത്യ ജീവിതശൈലിയും, ക്രിസ്തുവിന്റെ സുവിശേഷം വടക്കേ ഇന്ത്യ മുഴുവൻ അറിയിക്കുക എന്ന ദൗത്യം ഏറ്റെടുത്ത് വിശുദ്ധിയുടെ പരിമളം വീശിയ ഒരു ആത്മീയ നേതാവാണ് അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി.

കഴിഞ്ഞ 14 വർഷത്തോളമായി ഇടവകതലത്തിലും, രൂപതാ തലത്തിലുമുള്ള എന്റെ പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ഇടവക ട്രസ്റ്റി, സെക്രട്ടറി, രൂപതാ പാസ്റ്ററൽ കൗൺസിൽ മെമ്പർ, എം.സി.എ രൂപത ട്രഷറർ, ജനറൽ സെക്രട്ടറി എന്ന നിലകളിലൊക്കെ എനിക്ക് പിതാവുമായി അടുത്ത് പ്രവർത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ അവസരങ്ങളിൽ ഒക്കെയും ഞാൻ അനുഭവിച്ചറിഞ്ഞ കാര്യങ്ങൾ ഇവിടെ കുറിക്കട്ടെ.

പിതാവിന്റെ സദാപുഞ്ചിരിക്കുന്ന മുഖം എപ്പോഴും എന്റെ മുന്നിൽ തെളിഞ്ഞുനിൽക്കുന്നു. എത്ര ദൂരെയായാലും തിരിച്ചറിഞ്ഞ് പുഞ്ചിരിക്കുന്ന ഒരു പിതാവിനെയാണ് ഓർമ്മ വരുന്നത്. എല്ലാവരോടും ഒരു കുടുംബത്തിലെ അംഗം എന്ന് കണ്ട് ഇടപഴകുന്ന ഒരു പിതാവ്. പ്രത്യേകിച്ച് അത്മായരെ സ്നേഹിക്കുകയും, സഭയോടും കൂടുതൽ ചേർത്തുനിർത്തുകയും ചെയ്യുന്ന ഒരു പിതാവ്.

പിതാവിന്റെ പാവങ്ങളോടുള്ള കരുണയും, കരുതലും ഒരു പ്രത്യേകതയാണ്. മെത്രാനായതിനുശേഷം ഡൽഹിയിൽ നടപ്പിലാക്കിയ പരിപാടിയാണ് തെരുവിൽ അലയുന്നവർക്കുള്ള ഭക്ഷണ പൊതിവിതരണം. ഏത് പള്ളിയിൽ പോയാലും, ഏത് സംഘടനാ മീററിംഗിൽ സംബന്ധിച്ചാലും പാവങ്ങളോടുള്ള കരുതലിനെപററി സംസാരിക്കുമായിരുന്നു. "എന്റെ സഹോദരങ്ങൾ പട്ടിണികിടന്നാൽ എനിക്ക് എങ്ങനെ ഉറങ്ങുവാൻ കഴിയും" എന്ന പിതാവിന്റെ വാക്കുകൾ ഓർമ്മയിൽ വരുന്നു.

ക്രിസ്തുവിന്റെ സുവിശേഷം വടക്കേ ഇന്ത്യ മുഴുവൻ അറിയിക്കുക എന്നുള്ളത് പിതാവിന്റെ സ്വപ്നമായിരുന്നു. യേശുവിനെ അറിയുവാൻ ധാരാളം പേർ ആഗ്രഹിക്കുന്നു അവരോട് ക്രിസ്തുവിനെപ്പററി പറയുന്നില്ലെങ്കിൽ നമ്മൾ ഒരു ക്രിസ്ത്യാനിയായി ജീവിച്ചിട്ട് കാര്യമില്ല. പിതാവ് ആ ദൗത്യം ഏറ്റെടുത്ത് മിക്ക വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലും ജനങ്ങളിലേക്ക് ഇറങ്ങിചെന്ന് ക്രിസ്തുവിന്റെ വചനങ്ങൾ അവർക്കു കൊടുക്കുവാനും, അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും, ചൂഷണം അനുഭവിക്കുന്നവരെ അതിൽനിന്നും മോചിപ്പിക്കുവാനും നിരന്തരം പോരാടി. എം.സി.എ. പ്രവർത്തനപരിപാടികൾ തയ്യാറാക്കുമ്പോൾ അത് മിഷൻ മേഖലകൾക്കു പ്രാമുഖ്യം നൽകി ആയിരിക്കണം എന്ന് എപ്പോഴും ഞങ്ങളെ ഓർമ്മിപ്പിക്കുമായിരുന്നു. കോവിഡ് കാലത്തെ എം.സി.എ യുടെ പ്രവർത്തനങ്ങളെ പിതാവ് വളരെയധികം ശ്ലാഘിച്ചു.

എനിക്ക് പിന്നീട് പിതാവിൽ കണ്ട ഒരു നല്ല പശ്ചാത്തപിച്ച് വരുന്ന ഏതൊരാളെയും രണ്ടു കൈയ്യും നീട്ടി സ്വീകരിക്കുന്ന ഒരു പിതാവ്. ബൈബിളിൽ പറയുന്ന മുടിയനായ പുത്രനെ തന്റെ പിതാവ് സ്വീകരിക്കുന്നതുപോലെ. അത് ബിഷപ്പായാലും, വൈദികനായാലും, സന്യസ്തരായാലും, അത്മായരായാലും, അവർക്കു സ്നേഹം നൽകി അവരെ സംരക്ഷിക്കുന്ന പിതാവ്.

അതുപോലെ പലരുടെയും ജീവിത അനുഭവങ്ങൾ പങ്കുവച്ച് നമ്മെ ക്രിസ്തു അനുഭവത്തിൽ നമ്മെ ഉറപ്പിച്ചു നിർത്തുന്ന ഒരു പിതാവ്. തന്റെ ജീവിതവും, സമ്പത്തും മുഴുവൻ സഭയ്ക്കും സമൂഹത്തിനും വേണ്ടി മാററിവച്ച് അവസാനം സഹനങ്ങളിലൂടെ ജീവിച്ച സ്വർഗ്ഗത്തിലായിരിക്കുന്ന പിതാവ്. എല്ലാ വിശുദ്ധൻമാരുടെ ജീവിതം പരിശോധിച്ചാലും അവരുടെ ജീവിതം സഹനത്തിലൂടെ കടന്നുപോകുന്നു എന്ന് കാണുവാൻ സാധിക്കും. തീർച്ചയായും നമുക്കുവേണ്ടി മാദ്ധ്യസ്ഥം അപേക്ഷിക്കുവാൻ ഒരു വിശുദ്ധനെ ലഭിക്കും എന്ന് പ്രാർത്ഥിക്കാം. സ്നേഹനിധിയായ പിതാവിന് കണ്ണുനീരിൽ കുതിർന്ന പ്രണാമം!

ഭാഗ്യവാനായ പിതാവേ സ്വർഗ്ഗീയ പ്രഭയിൽ വസിച്ചുകൊണ്ട് നമ്മുടെ സഭയേയും, സമൂഹത്തേയും പ്രേഷിത ചൈതന്യത്തിൽ മുമ്പോട്ട് നയിക്കുക - അനുഗ്രഹിക്കുക.

## Food Distribution at various centres on the 40th Day of commemoration-Delhi



www.malankaralibrary.com






PRACHODANA
SERVICE SOCIETY, GURGAON


PRACHODANA

www.malankaralibrary.com





www.malankaralibrary.com



Ahmedabad



Baroda

www.malankaralibrary.com





Surat




Bhopal

www.malankaralibrary.com

## പ്രാർത്ഥനാശംസകൾ







## ECCLESIASTICAL NEWS

മലങ്കര സുറിയാനി കത്തോലിക്ക സഭ തിരുവല്ല അതിഭദ്രാസനത്തിൻ്റെ മുഖ്യ വികാരി ജനറൽ ആയി നിയമിതനായ പറപ്പള്ളിൽ ഐസക് കശ്ശീശ്ശായുടെ സ്ഥാനാരോഹണം തിരുവല്ല മേരിഗിരി അരമനയിൽ നടത്തപ്പെട്ടു

തിരുവല്ല അതിഭദ്രാസനത്തിന്റെ പതിനഞ്ചാമത് വികാരി ജനറാളായിട്ടാണ് റവ.ഡോ. ഐസക്ക് പറപ്പള്ളിൽ നിയമിതനായത്. കടമാങ്കുളം പറപ്പള്ളിൽ പരേതനായ പി.ജെ. ഇടിച്ചാണ്ടിയുടെയും, ശോശാമ്മയുടെയും രണ്ടാമത്തെ മകനാണ്. 4 സഹോദരങ്ങൾ . 1990-ൽ അഭിവന്ദ്യ ഗീവർഗീസ് മോർ തിമോത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും വൈദിക പട്ടം സ്വീകരിച്ച അച്ചൻ അതിരൂപതയിലെ നിരവധി ഇടവകകളിൽ വികാരിയായിരുന്നു. തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ വികാരിയായിരിക്കെയാണ് പുതിയ നിയമനം. ആലുവ സെമിനാരിയിൽ നിന്നും ദൈവശാസ്ത്രം പൂർത്തിയാക്കിയ അച്ചൻ റോമിലെ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ആരാധനക്രമ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. ലിറ്റർജിക്കൽ കമ്മിഷൻ സെക്രട്ടറി, അതിഭദ്രാസന ചാൻസലർ , MACFAST കോളേജ് മാനേജർ , MICFAST കോളേജ് ഡയറക്ടർ, മതബോധന ഡയറക്ടർ, ഐക്യദീപം ചീഫ് എഡിറ്റർ, എഫേത്ത ഡയറക്ടർ, തുടങ്ങി വിവിധ തസ്തികയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

www.malankaralibrary.com

ഭദ്രാസനത്തിൻ്റെ മുഖ്യ വികാരി ജനറൽ ആയി ചുമതല ഏറ്റെടുത്ത വന്ദ്യ ഐസക് കശ്ശീശ്ശായ്ക്ക് പ്രാർത്ഥനാ ആശംസകൾ



www.malankaralibrary.com

**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

Ref: 812/KCBC/K-6/KPR/DS 28.08.2021

## തീക്ഷണമതിയായ മിഷനറിയായിരുന്നു ജേക്കബ് മാർ ബർണബാസ്: കർദിനാൾ മാർ ജോർജ് ആലഞ്ചേരി

കൊച്ചി: മലങ്കര കത്തോലിക്കാ സഭയിലെ ഗുഡ്ഗാവ് രൂപതാധ്യക്ഷൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി തന്റെ ഇടയശുശ്രൂഷ പൂർത്തീകരിച്ച് ദൈവസന്നിധിയിലേക്ക് ചേർക്കപ്പെടുമ്പോൾ ഭാരത സഭയും പ്രത്യേകമായി മലങ്കര കത്തോലിക്കാ സഭയും വിടചൊല്ലുന്നത് ജീവിതമാതൃക കൊണ്ടും വിശ്വാസ തീക്ഷണത കൊണ്ടും അതുല്യമായ മിഷൻ പ്രവർത്തനങ്ങൾ കൊണ്ടും വ്യത്യസ്തനായ, പകരം വയ്ക്കാനാവാത്ത ഒരു ഇടയശ്രേഷ്ഠനോടാണ്. എക്യുമെനിക്കൽ രംഗത്തും സാമൂഹിക സേവനരംഗത്തും ഏറെ സമർപ്പണത്തോടെ പ്രവർത്തിച്ചിരുന്ന ഡോ. ജേക്കബ് മാർ ബർണബാസ് പിതാവിന്റെ നിര്യാണത്തിൽ കെസിബിസിയുടെ അനുശോചനം അറിയിക്കുന്നുവെന്ന് കെസിബിസി പ്രസിഡന്റ് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി. തന്റെ ഇടയ ശുശ്രൂഷ കൊണ്ട് ആത്മീയ മേഖലയിലും ഭൗതിക മേഖലയിലും ആശ്വാസം പകരാൻ വന്ദ്യ പിതാവ് നൽകിയ ഇടപെടലുകൾ ബർണബാസ് എന്ന അദ്ദേഹത്തിന്റെ നാമത്തെ അർത്ഥപൂർണ്ണമാക്കുന്നു. വിശക്കുന്നവന് മുന്നിൽ അന്നം വിളമ്പുക എന്ന ക്രിസ്തുവിന്റെ അനുകമ്പയുടെ സുവിശേഷം അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അടിസ്ഥാനപ്രമാണമായിരുന്നു. അടുക്കളയിലെ തീയും പുകയും കൊണ്ട് തന്റെ സഹ പ്രവർത്തകർക്കൊപ്പം ആയിരങ്ങൾക്ക് അന്നം ഒരുക്കുകയും അതു പങ്കുവെക്കുകയും ചെയ്യുന്ന വന്ദ്യപിതാവിന്റെ കാരുണ്യത്തിന്റെ ചിത്രം സാമൂഹ്യമാധ്യമങ്ങളിലൂടെ നമുക്ക് സുപരിചിതമാണ്. മലങ്കര കത്തോലിക്കാ സഭയുടെ മിഷൻ സ്വപ്നങ്ങളെ നെഞ്ചിലേറ്റി കഴിഞ്ഞ ഒന്നര പതിറ്റാണ്ടുകളായി ഗുഡ്ഗാവ് കേന്ദ്രീകരിച്ച് അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ ഭാരതസഭയുടെ നൂറ്റാണ്ടുകൾ നീളുന്ന നിസ്വാർത്ഥ പ്രേക്ഷിത പ്രവർത്തനങ്ങളുടെ നവീനമായ ഓർമ്മപ്പെടുത്തലുകളാണ്. ലാളിത്യവും എളിമയും ആ ജീവിതത്തിന്റെ അലങ്കാരമായിരുന്നു. പാവപ്പെട്ടവർക്ക് മുന്നിൽ പദവിയുടെ ആഡംബരങ്ങൾ ഇല്ലാതെ, കൈകൂപ്പുവാനും അവരെ ബഹുമാനിക്കുവാനും മനസ്സു കാണിച്ചിരുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. പ്രചോദന സോഷ്യൽ സർവീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കോവിഡ് കാലത്ത് ഉൾപ്പെടെ നടത്തിയ പ്രവർത്തനങ്ങളും തെരുവിൽ കഴിയുന്നവർക്ക് ദിവസവും ഉച്ചഭക്ഷണം നൽകുന്ന പദ്ധതിയും ഏറെ സാമൂഹിക ശ്രദ്ധ നേടി. സ്വർഗ്ഗം കാത്തുവച്ച നിത്യ സമ്മാനം ഏറ്റു വാങ്ങുവാൻ ഇടയന്മാരുടെ തലവനായ ഈശോയുടെ പക്കലേക്ക് അദ്ദേഹം യാത്രയാകുമ്പോൾ ബലഹീനമായ പ്രാർത്ഥനകൾ കൊണ്ട് നമുക്ക് അദ്ദേഹത്തെ യാത്രയാക്കാം. മറ്റുള്ളവരുടെ വേദന തന്റെ കൂടി വേദനയാണെന്ന് മനസിലാക്കി ജീവിച്ച പിതാവ് എന്നും ക്രൈസ്തവ സമൂഹത്തിന് ഉത്തമ മാതൃകയായിരുന്നുവെന്നും കെസിബിസി പ്രസിഡന്റ് തന്റെ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

www.malankaralibrary.com

**George Cardinal Alencherry**
**Major Archbishop**
**Syro-Malabar Church**

Prot. No. 1012/2021 19.09.2021

## മതസൗഹാർദവും സമുദായ സഹോദര്യവും സംരക്ഷിക്കണം

മതസൗഹാർദത്തിനും സമുദായ സാഹോദര്യത്തിനും ഹാനികരമാകുന്ന ചർച്ചകളും വിവാദങ്ങളും ഈ ദിവസങ്ങളിൽ കേരളസമൂഹത്തിൽ നടക്കുന്നുണ്ടല്ലോ. എല്ലാ മതവിശ്വാസികളും സമുദായങ്ങളും സാഹോദര്യത്തോടെ ജീവിക്കുന്നതാണല്ലോ കേരളീയരായ നമ്മുടെ പാരമ്പര്യം. അതിനു ഒരു വിധത്തിലും കോട്ടം തട്ടാൻ നാം അനുവദിക്കരുത്. വിവിധ മതവിശ്വാസികൾ തമ്മിലുള്ള സഹോദര്യം നാം മുറുകെപ്പിടിക്കണം. മതവികാരങ്ങളെ മുറിപ്പെടുത്തുന്നതെന്നു സംശയിക്കുന്ന കാര്യങ്ങളിൽപോലും അതീവ വിവേകത്തോടും പരസ്പര ബഹുമാനത്തോടും കൂടി ചർച്ചകൾ നടത്തി പരിഹാരം കണ്ടെത്തി സാഹോദര്യത്തിൽ മുന്നോട്ടുപോകാൻ എല്ലാവരും പരിശ്രമിക്കേണ്ടിയിരിക്കുന്നു.


സമൂഹത്തിൽ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽ ഇരിക്കുന്നവർ നടത്തുന്ന പ്രസ്താവനകളെയും പ്രവർത്തനങ്ങളെയും അവയുടെ യഥാർത്ഥ ലക്ഷ്യത്തിൽനിന്നു മാറ്റിനിർത്തി വ്യാഖ്യാനിക്കുന്നതു തെറ്റിദ്ധാരണകൾക്കും ഭിന്നതകൾക്കും വഴി തെളിക്കും. ഇത്തരം പ്രവണതകൾക്കെതിരെ എല്ലാവരും ജാഗ്രത പുലർത്തണം. ഇപ്പോഴുണ്ടായ കലുഷിത സാഹചര്യത്തിൽനിന്നു സമാധാനപരമായ സൗഹൃദത്തിലേയ്ക്കും ഏവരും തിരികെ വരികയെന്നതാണു സുപ്രധാനം.

ക്രൈസ്തവസഭകളെ സംബന്ധിച്ചിടത്തോളം സ്നേഹവും സാഹോദര്യവും അടിസ്ഥാന മൂല്യങ്ങളാണ്. എല്ലാ മതവിശ്വാസികളെയും ഒരുപോലെ ബഹുമാനിക്കുകയും എല്ലാവരോടും സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യണമെന്നതാണു സഭയുടെ എന്നുമുള്ള കാഴ്ച്ചപ്പാട്. സമൂഹത്തിൽ സംഘർഷമുണ്ടാക്കുന്ന ഒരു സാഹചര്യവും സൃഷ്ടിക്കുവാൻ ക്രൈസ്തസഭകളോ സഭാശുശ്രൂഷകരോ ആഗ്രഹിക്കുന്നില്ല. സഭയുടെ ഈ കാഴ്ചപ്പാടിൽ നിന്ന് ഒരു സാഹചര്യത്തിലും വ്യതിചലിക്കാതിരിക്കാൻ സഭാംഗങ്ങളെല്ലാവരും ശ്രദ്ധിക്കണം.

അതിനാൽ, ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ, എല്ലാ വിവാദങ്ങളും സമാപിപ്പിച്ച് പരസ്പരസ്നേഹത്തിലും സാഹോദര്യത്തിലും മുന്നേറാൻ നമുക്കു പരിശ്രമിക്കാം. ഇതിനായി മതാചാര്യന്മാരും രാഷ്ട്രീയനേതാക്കളും സമുദായശ്രേഷ്ഠരും നടത്തുന്ന പരിശ്രമങ്ങളോടു നമുക്കു സർവ്വാത്മനാ സഹകരിക്കാം.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ്
പ്രസിഡണ്ട്, കെ. സി. ബി. സി.
ചെയർമാൻ, കേരളാ ഇന്റർ ചർച്ച് കൗൺസിൽ

## SABHATHALA NEWS



www.malankaralibrary.com




**SELUM-BASH-SLOMO--Commemoration of late Bishop Jacob Mar Barnabas**

Commemoration of the 60 years of the holy and exemplary life of Most Rev. Dr. Jacob Mar Barnabas, who entered into eternity, was organized on 18th September 2021 at 7 pm by MCA Gurgaon Diocese and MCA Central Committee on the Zoom Platform. It began with the Prayer and tributes for the departed led by His Grace Most Rev. Archbishop Thomas Mar Koorilos. Mr. V.C. Georgekutty, General Secretary of MCA Central Committee welcomed the gathering. Very Rev. Fr. John Areekal, the Spiritual Advisor of MCA Central Committee gave the introductory speech recalling the good deeds for the poor and under privileged people in the society of Aboon Mar Barnabas and also his simple lifestyle. Mr. Paul Raj. P, President of MCA Central Committee gave the presidential address remembering the qualities and virtues of beloved Aboon Mar Barnabas. His Grace Most Rev. Dr. Thomas Mar Koorilos, Metropolitan Archbishop of Thiruvalla & Secretary of the Episcopal Synod; His Excellency Most Rev. Dr. Joshua Mar Ignathios, Metropolitan of the Eparchy of Mavelikara & Chairman of Laity Commission; Justice Kurian Joseph, Retired Judge of the Supreme Court of India; Rt. Rev. Fr. Varghese Vinayanand OIC, Apostolic Administrator of the Eparchy of Gurgaon; Very Rev. Fr. Mathai Kadavil OIC, Superior General of Bethany Ashram; Very Rev. Fr. Jose

www.malankaralibrary.com

Kuntharayil, Spiritual Advisor of MCA & Priest Secretary of the Eparchy of Gurgaon; Mr. Reji Thomas, MCA President of Gurgaon Diocese, etc. shared their personal anecdotes, the fire for evangelization, care and help for the poor, spirituality and simple life of Late Bishop Jacob Mar Barnabas in their commemorative speeches. Mrs. Valsamma Simon, Secretary of MCA Central Committee proposed the vote of thanks. Mr. Sabu Samuel, General Secretary of MCA Gurgaon Diocese was the MC for the meeting. Hundreds of delegates from different Dioceses participated in the commemorative meeting. The meeting was concluded with the prayer and apostolic blessing by HE Most Rev. Dr. Joshua Mar Ignathios.

**Farewell to Mr P.G. James, Executive Member & President Bhopal Region**



On Sunday 3rd Oct, farewell was given at Surat Church to Mr PG James on his going back to hometown in Kottayam, Kerala on retitement. Mr Reji Thomas, President of MCA felicitated him on behalf of MCA by gifting shawl. Meeting held through Google meet at 7.30 pm on 3rd Oct,21 by the members of Diocesan committee of MCA to thank his servicesand wish happy retired life

www.malankaralibrary.com




## FROM THE PRESS



ചട്ടമ്പി സ്വാമി പുരസ്കാരം കർദിനാൾ മാർ ക്ലീമീസിന്

തിരുവനന്തപുരം● ചട്ടമ്പി സ്വാമിയുടെ 168-ാമത് ജയന്തിയോടനുബന്ധിച്ചു ചട്ടമ്പി സ്വാമി സാംസ്കാരിക സമിതി നൽകുന്ന പുരസ്കാരം (25,000 രൂപ) മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവയ്ക്ക്.

27 നു തിരുവനന്തപുരത്തെ ചടങ്ങിൽ പുരസ്കാര സമർപ്പണം നടത്തും.

www.malankaralibrary.com



3rd Sep 21- Bava Thirumeni  receiving Chattamby Swami Award in RajBavan



www.malankaralibrary.com

'ലൂസിഫർ എന്ന പേര് കോടികളെ കൊണ്ട് പറയിപ്പിച്ചു'; ഇതിന് പിന്നിൽ കൃത്യമായ അജണ്ടയുണ്ടെന്ന് ഡോ സാമുവൽ മാർഐറേനിയോസ് പ്പോമെത്രോപൊലിത്ത. സിനിമകൾക്ക് പിന്നിൽ ക്രൈസ്തവ ബിംബങ്ങളെ തകർക്കുക എന്ന കൃത്യമായ അജണ്ടയുണ്ടെന്ന് ഡോ സാമുവൽ മാർഐറേനിയോസ് മെത്രോപൊലിത്ത. പണ്ടത്തെ മലയാള സിനിമ പോലെയല്ല റോമൻസ്, വിശുദ്ധൻ പോലുള്ള ചിത്രങ്ങളിൽ ക്രൈസ്തവ ബിംബങ്ങളെ കുറിച്ചുള്ള സമീപനം. ഇപ്പോൾ ഇത് ഒരു തരം ബിസിനസ് ആയി മാറിയിരിക്കുകയാണെന്നും ഡോ സാമുവൽ മാർഐറേനിയോസ് ആരോപിച്ചു.ഈശോ എന്ന സിനിമ ഇനി റിലീസായാൽ നിർമ്മാതാവിന് ഒരു പരസ്യവുമില്ലാതെ വലിയ സമ്പത്ത് ഉണ്ടാക്കാൻ കഴിയും. അത് പോലെ ലൂസിഫർ എന്ന പേര് കോടികളെ കൊണ്ട് പറയിക്കാൻ അവർക്ക് കഴിഞ്ഞുവെന്നും അദ്ദേഹം പറയുന്നു. ഓർത്തഡോക്സ് ക്രിസ്ത്യൻ മൂവ്മെന്റിന്റെ നേതൃത്വത്തിൽ നടത്തിയ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ കാണാപ്പുറങ്ങൾ, ഈശോയും ഈശോ സിനിമയും എന്ന വിഷയത്തിൽ നടന്ന സംവാദത്തിൽ സംസാരിക്കവെയാണ് ആരോപണം ഉന്നയിച്ചത്.

[https://www.reporterlive.com/movies/malankara-orthodox-sabha-against-malayalam-cinema-58064?utm_campaign=pubshare&utm_source=Facebook&utm_medium=231525206889787&utm_content=auto-link&utm_id=65](https://www.reporterlive.com/movies/malankara-orthodox-sabha-against-malayalam-cinema-58064?utm_campaign=pubshare&utm_source=Facebook&utm_medium=231525206889787&utm_content=auto-link&utm_id=65)

# ബിഷപ് ജേക്കബ് മാർ ബർണബാസിന് ഡൽഹിയിൽ സ്മരണാഞ്ജലി

**പ്രത്യേക ലേഖകൻ**



ഗുഡ്ഗാവ് സീറോ മലങ്കര രൂപത ബിഷപ് ജേക്കബ് മാർ ബർണബാസിന്റെ 40-ാം ചരമദിനത്തോടനുബന്ധിച്ച് ഡൽഹിയിലെ നേബ്സരായി സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ സഭാ തലവൻ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ ആശീർവാദം നൽകുന്നു. ആർച്ച്ബിഷപ്പുമാരായ ഡോ. അനിൽ കൂട്ടോ, മാർ കുര്യാക്കോസ് ഭരണികുളങ്ങര, ബിഷപ് ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ്, ബിഷപ് തോമസ് മാർ അന്തോനിയോസ്, ഗുരുഗ്രാം രൂപത അഡ്മിനിസ്ട്രേറ്റർ ഫാ. വർഗീസ് വിനയാനന്ദ് എന്നിവർ സമീപം.

**ന്യൂഡൽഹി:** അശരണർക്ക് അത്താണിയായിരുന്ന അന്തരിച്ച ഗുഡ്ഗാവ് ബിഷപ് ജേക്കബ് മാർ ബർണബാസിന്റെ സ്മരണയ്ക്കായി സീറോ മലങ്കര സഭയുടെ ആഭിമുഖ്യത്തിൽ പാവങ്ങൾക്കു സൗജന്യ ഭക്ഷണ പാക്കറ്റുകൾ എല്ലാ വർഷവും വിതരണം ചെയ്യുമെന്നു സഭാ തലവൻ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്ക ബാവ. മാർ ബർണബാസിന്റെ ഓർമയ്ക്കായി ത്രിപുരയിലും ഒഡീഷയിലും പുതിയ ലൈബ്രറി സ്ഥാപിക്കുമെന്നും ഭവനനിർമാണ പദ്ധതികൾ അടക്കം നടപ്പാക്കുമെന്നും ബാവ അറിയിച്ചു.

ബിഷപ് ജേക്കബ് മാർ ബർണബാസിന്റെ 40-ാം ചരമദിനത്തോടനുബന്ധിച്ച് ഡൽഹിയിലെ നേബ്സരായി സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു കാതോലിക്കാ ബാവ. രാവിലെ കത്തീഡ്രലിൽ നടന്ന അനുസ്മരണ ശുശ്രൂഷകൾക്ക് കർദിനാൾ മുഖ്യകാർമികനായിരുന്നു.

ബിഷപ് മാർ ബർണബാസിന്റെ സ്മരണികയുടെയും ചിത്രങ്ങളടങ്ങിയ പ്രത്യേക പതിപ്പിന്റെയും പ്രകാശനം കർദിനാൾ നിർവഹിച്ചു.

ഡൽഹി ആർച്ച്ബിഷപ് ഡോ. അനിൽ കൂട്ടോ, ഫരീദാബാദ് രൂപത ആർച്ച്ബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര, ഡൽഹി ഓർത്തഡോക്സ് ബിഷപ് ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ്, ബിഷപ് തോമസ് മാർ അന്തോനിയോസ്, ഗുരുഗ്രാം രൂപത അഡ്മിനിസ്ട്രേറ്റർ ഫാ. വർഗീസ് വിനയാനന്ദ്, ശാന്തിഗിരി ഡൽഹി ആശ്രമം സെക്രട്ടറി സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വി തുടങ്ങിയവർ പ്രസംഗിച്ചു.

ദീപിക
Wed, 06 October 2021
https://epaper.deepika.com/c/63580569

## STREAMS OF GOD'S LOVE




## FROM SANCTA SEDES

### സുവിശേഷവത്ക്കരണ ദൗത്യം ഓരോ ക്രിസ്ത്യാനിയും ഹൃദയത്തിലേറ്റണം; ഒക്ടോബറിൽ പാപ്പയ്ക്കൊപ്പം നമുക്കും പ്രാർത്ഥിക്കാം

Oct,1,2021

വത്തിക്കാൻ സിറ്റി: ജപമാല വണക്കത്തിനായി തിരുസഭ സവിശേഷമാംവിധം മാറ്റിവെച്ച ഒക്ടോബറിൽ, ഓരോ ക്രിസ്ത്യാനിയും ലോകസുവിശേഷവത്ക്കരണത്തിൽ പങ്കുകാരാകാൻ പ്രാർത്ഥിക്കണമെന്ന വിശേഷാൽ നിയോഗം സമർപ്പിച്ച് ഫ്രാൻസിസ് പാപ്പ. ഓരോ മാസവും വിവിധ പ്രാർത്ഥനാ വിഷയങ്ങൾ തിരഞ്ഞെടുത്ത് നൽകുന്ന പാപ്പ ഈ ഒക്ടോബറിൽ വിശ്വാസീസമൂഹത്തിന് കൈമാറിയിരിക്കുന്നത്, 'ഓരോ ക്രൈസ്തവനും ക്രിസ്തുവിന്റെ മിഷണറിയായി മാറണം,' എന്ന നിയോഗമാണ്. മിഷണറിമാരുടെ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാൾ ആഘോഷിക്കുന്ന ഒക്ടോബറിൽതന്നെ, പ്രസ്തുത പ്രാർത്ഥനാ നിയോഗം പാപ്പ തിരഞ്ഞെടുത്തതും സവിശേഷതയായി.

www.malankaralibrary.com




സുവിശേഷവത്ക്കരണ ദൗത്യം ഓരോ ക്രിസ്ത്യാനിയും ഹൃദയത്തിലേറ്റണം; ഒക്ടോബറിൽ പാപ്പയ്ക്കൊപ്പം നമുക്കും പ്രാർത്ഥിക്കാം

പ്രതിമാസ പ്രാർത്ഥനാ നിയോഗം പങ്കുവെക്കുന്ന വീഡിയോയിലൂടെയാണ്, മാമ്മോദീസാ സ്വീകരിച്ച ഓരോരുത്തരും സുവിശേഷവത്ക്കരണ ദൗത്യത്തിൽ പങ്കുകാരാൻ പ്രാർത്ഥിക്കണമെന്ന് പാപ്പ ആഹ്വാനം ചെയ്തത്. 'അയക്കപ്പെട്ട ശിഷ്യരാകാൻ നിങ്ങൾ തയാറാണോ?,' എന്ന ചോദ്യമാണ് യേശു നമ്മോട് ഉന്നയിക്കുന്നത്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാൻ വിട്ടുകൊടുത്തും ജീവിതത്തിലെ സകല കാര്യങ്ങളും ദൈവത്തോടൊപ്പം ചെയ്തും ദൈവത്തിന്റെ വിളിയോട് പ്രത്യുത്തരിച്ചുമാണ് ഇതിന് ഉത്തരം നൽകേണ്ടത്.

അയക്കപ്പെടുന്നവരുടെ ദൗത്യം പ്രലോഭനങ്ങളിലൂടെയുള്ള മതപരിവർത്തനമല്ല. മറിച്ച്, ആളുകൾ തമ്മിലുള്ള കണ്ടുമുട്ടലിലൂടെയും ജീവിതസാക്ഷ്യത്തിലൂടെയുമാണ് ക്രിസ്തുവിനെ പകർന്നു നൽകേണ്ടത്. 'എനിക്ക് ഈശോയെ അറിയാം, നിങ്ങളും അവിടുത്തെ അറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു,' എന്ന് പറയുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും സാക്ഷ്യത്തെ അടിസ്ഥാനമാക്കിയാവണം അത്.
'ക്രിസ്തുവിനാൽ നയിക്കപ്പെട്ടാണ് നാം ഓരോ കാര്യവും ചെയ്യുന്നതെങ്കിൽ, മറ്റുള്ളവർക്ക് അത് എളുപ്പത്തിൽ വ്യക്തമാകും. ആ ജീവിതസാക്ഷ്യം മറ്റുള്ളവരിൽ അതിശയം ജനിപ്പിക്കുകയും ചെയ്യും. ഒരു വ്യക്തിക്ക് എങ്ങിനെ ഇത് സാധ്യമാകും? ഇതുപോലെ പെരുമാറാനുള്ള സ്നേഹവും മനോഭാവവും എവിടെനിന്ന്? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ മറ്റുള്ളവരിൽ ഉയരാൻ ഇത് ഇടയാക്കും,' സാക്ഷ്യജീവിതത്തിന്റെ പ്രാധാന്യം ഉദ്ബോധിപ്പിച്ച പാപ്പ, ക്രൈസ്തവരുടെ ജീവിതസാക്ഷ്യത്തിന് സുവിശേഷത്തിന്റെ സ്വാദുണ്ടാകണമെന്നും ഓർമിപ്പിച്ചു.

## WORD OF THE MONTH

**"We know that all things work together for good for those who love God." (Rom 8:28)**

The Word we are proposing to live this month is taken from Paul's letter to the Romans. This is a long text, full of reflections and teachings and was written before his departure for Rome. Its purpose was to prepare the community, which Paul did not yet know in person, for his visit.

Chapter 8 in particular places emphasis on new life according to the Spirit and the promise of eternal life that awaits individuals, peoples and the entire universe.

**We know that all things work together for good for those who love God**

www.malankaralibrary.com

Every word of this sentence is full of meaning.

Paul proclaims that, first and foremost, as Christians we have come to know God's love and are aware that every human experience is part of God's great plan of salvation.

Everything – Paul says – contributes to the fulfilment of this plan: suffering, persecution, personal failures and weaknesses, but above all, the action of God's Spirit in the hearts of the people who welcome him.

The Spirit still gathers up the cries of humanity and of all of creation and makes them his own: this is the guarantee that God's plan will be fulfilled.

Our part should be to actively respond to God's love with our love, entrusting ourselves and all our needs to the Father. We should witness to our hope in the new heavens and new earth that he prepares for those who trust in him.

**We know that all things work together for good for those who love God**

How, then, should we welcome and accept this demanding proposal in our everyday lives?

*First of all, we must never stop at the purely external, material or worldly aspect of things, but believe that every circumstance is a message through which God expresses his love for us. We will then see how life, which may seem to us like a piece of material, full of knots and threads haphazardly woven together, is in reality something else: it is the marvellous design that God's love is weaving on the basis of our faith. Secondly, we must always, trustingly and totally abandon ourselves to this love, in the small and large things that happen in life. Indeed, if we know how to entrust ourselves to God's love in ordinary circumstances, he will give us the strength to entrust ourselves to him even in the most difficult moments, such as during a great trial, an illness or at the very moment of death. Let us then try to live in this way, not out of self-interest – so that God can show us his plans and we obtain consolation from him – but only out of love. We will see how this trusting abandonment is a source of light and infinite peace for us and for many others.'*

Let's trust in God when we have difficult choices to make

Suggestions, comments, news and pics for inclusion: 'mcagurgaondiocese@gmail.com', or whatsapp nos 9868214289 (Gen. Secretary), 9879339439 (President), 9879100503 .P.G.James